# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/KKD/p1/1443/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/11/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/p1/1443/2023 തീയ്യതി: 08/11/2023

# കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2023 മുതൽ 15-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ , കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-09-2023 | 25-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-09-2023 | 25-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്

ശ്രീമതി.ഷൈന എ.കെ. അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ബിബിൻ ഇ.സി, ഓഡിറ്റർ

ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ടി.കെ. അബൂബക്കർ മാസ്റ്റർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ഹരിഹരൻ. കെ | സെക്രട്ടറി | 01-04-2022 | 11-10-2022 |
| ശ്രീമതി. പ്രിൻസിയ മുഹമ്മദ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-10-2022 | 19-10-2022 |
| ശ്രീമതി. ആബിദ. ടി | സെക്രട്ടറി | 20-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. പ്രിൻസിയ മുഹമ്മദ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. ഫെബിദ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ്. എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. രേഖ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. ഗീത. വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ. നബീൽ മുഹമ്മദ്. ടി.എ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ലിസ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. റുമൈസ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ കലാം ആസാദ് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീ. അബിദുൽ കരീം | ഹെഡ് മാസ്റ്റർ ഇൻ ചാർജ്ജ് | 01-06-2022 | 12-07-2022 |
| ശ്രീ. ജുമാൻ. കെ.ടി | ഹെഡ് മാസ്റ്റർ | 13-07-2022 | 31-03-2023 |
| ശ്രീ. സബീഷ്. എൻ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 19-05-2022 |

| | | | |
|---|---|---|---|
| ശ്രീമതി. സിന്ധു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19-05-2022 | 31-03-2023 |
| ശ്രീ. പ്രശാന്ത്. ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 09-05-2022 |
| ശ്രീമതി. സിന്ധു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഇൻ ചാർജ്ജ് | 10-05-2022 | 16-05-2022 |
| ശ്രീ. പ്രശാന്ത്. ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17-05-2022 | 31-03-2023 |
| ഡോ.വി.പി.ഗീത | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 22-06-2022 |
| ഡോ ശ്രീനിവാസൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 22-06-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. | 1-1-4 |
| 6 | സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കാൻ ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-5 |
| 7 | പ്രത്യേക പദ്ധതി ചെലവുകൾക്കായി തുടങ്ങിയ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കിയിട്ടില്ല. | 1-1-6 |
| 8 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടിലൽ. | 1-1-7 |
| 9 | ഇ - ടെണ്ടർ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 16 | ടാക്സ് ഓഡിറ്റ് | 1-8 |
| 17 | ക്ഷേമപദ്ധതികൾ | 1-9 |
| 18 | തൊഴിൽ നികുതി അപാകതകൾ | 1-10 |
| 19 | അനധികൃത നിർമ്മാണം- തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-11 |
| 20 | ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 1-12 |
| 21 | പഞ്ചായത്തിന്റെ അധീനതയിലുള്ള മത്സ്യ മാർക്കറ്റ് ലേലം ചെയ്ത് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | 1-13 |
| 22 | തെരഞ്ഞെടുപ്പ് നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല . | 1-14 |
| 23 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല. | 1-15 |

| | | |
|---|---|---|
| 24 | മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നില്ല. | 1-16 |
| 25 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല. | 1-17 |
| 26 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നും ലഭ്യമായില്ല | 1-18 |
| 27 | പ്രൊജക്ട് പ്രകാരം തുക കൈമാറി - കെ.എം.എസ്.സി എല്ലിൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല. | 1-19 |
| 28 | ഹരിത കർമ്മ സേനയ്ക്ക് പ്രവർത്തിക്കുന്നതിന് സ്ഥലം ഒരുക്കുന്നതിൽവീഴ്ച- മാലിന്യം കൊണ്ട് പോകുന്നതിന് വൻ തുക ചെലവഴിക്കേണ്ടി വരുന്നു. | 1-20 |
| 29 | അഗ്രോ ഫാർമസി പ്രാഥമിക വിള ക്ലിനിക്ക് -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |
| 30 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണം- പ്രോജക്ട് നിർവ്വഹണം -അപാകതകൾ | 1-22 |
| 31 | ആശുപത്രിയുടെ ആവർത്തന ചെലവുകൾക്കായി - വികസന ഫണ്ടിൽ നിന്നും തുക വകമാറ്റി | 1-23 |
| 32 | വിവിധ പദ്ധതികൾക്ക് മോട്ടോർ വാങ്ങൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ | 1-24 |
| 33 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിച്ചില്ല | 1-25 |
| 34 | ടേക്ക് എ ബ്രേക്ക് - നിർമ്മാണം അനിശ്ചിതത്വത്തിൽ | 1-26 |
| 35 | തോട്ടുമുക്കം ജി.യു.പി.എസ്. - കെട്ടിടത്തിന്റെ പൊളിച്ചു മാറ്റിയ ഉരുപ്പടികളുടെ സ്ഥിതി വിവരം ലഭ്യമല്ല | 1-27 |
| 36 | അനധികൃത നിർമ്മാണം പൊളിച്ചു മാറ്റിയ ചെലവ് ഉടമസ്ഥനിൽ നിന്ന് ഈടാക്കിയില്ല | 1-28 |
| 37 | അതി ദരിദ്രർക്കു വേണ്ടിയുള്ള അതീജീവന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-29 |
| 38 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല | 1-30 |
| 39 | ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയില്ല | 1-31 |
| 40 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിൽ വീഴ്ച | 1-32 |
| 41 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വാങ്ങുന്ന ഇനത്തിൽ വൻതുക നഷ്ടം സംഭവിക്കുന്നു. | 1-33 |
| 42 | വർഷങ്ങൾക്കു മുൻപ് ആർജിച്ച ജിഎംയുപിസ്കൂൾ സമയബന്ധിതമായി തുടർ നടപടികൾ എടുക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് വൻ ബാധ്യതയാകുന്നു. | 1-34 |
| 43 | ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ സ്ഥലം വാങ്ങി നൽകിയ | 1-35 |

| | | |
|---|---|---|
| | ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല | |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അഗ്രോ ഫാർമസി പ്രാഥമിക വിള ക്ലിനിക്ക് -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണ സമിതിയുടെ 05/07/2023 തിയ്യതിയിലെ 01/01 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 11/07/2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ്-ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

1-1-3 ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ).

1-1-4 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല.

ബാലൻസ് ഷീറ്റ് B - 7 ൽ ഉൾപ്പെട്ട കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല (Suppliers Emd, Suppliers Security Deposit, ഇലക്ഷൻ ഡെപ്പോസിറ്റ് Etc.)

1-1-5 സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കാൻ ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കാൻ ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-6 പ്രത്യേക പദ്ധതി ചെലവുകൾക്കായി തുടങ്ങിയ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കിയിട്ടില്ല.

എം.എൻ. ലക്ഷംവീട് പദ്ധതിക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ (KGB-40172100109959) ട്രാൻസാക്ഷൻ നടക്കുന്നില്ല. (31/03/2023 ൽ 2,82,082 രൂപ നീക്കിയിരിപ്പുണ്ട്) എന്നിരുന്നിട്ടും അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കിയിട്ടില്ല. പ്രത്യേക പദ്ധതി ചെലവുകൾക്കായി തുടങ്ങിയ അക്കൗണ്ടിൽ (കാലാവധി പൂർത്തിയായ) നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കേണ്ടതാണ്.

1-1-7 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-1-8 ഇ - ടെണ്ടർ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടത്തിയിട്ടുണ്ടെങ്കിലും ഇ-ടെണ്ടർ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വിഹിതം ഡിമാന്റ് ചെയ്ത് ആയത് ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15 ൽ കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24/03/2022 തിയ്യതിയിലെ 01/01

നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 18/03/2023 തിയ്യതിയിലെ 01/01 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്ക്.

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 15,354,696 |
| വരവ് | 156,464,000 |
| ആകെ | 171,818,696 |
| ചെലവ് | 166,136,900 |
| നീക്കിയിരിപ്പ് | 5,681,796 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,75,75,772 |
| വരവ് | 4,21,32,784 |
| ആകെ | 6,97,08,556 |
| ചെലവ് | 3,82,83,491 |
| നീക്കിയിരിപ്പ് | 3,14,25,065 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 18878917 | 18878917 | 18785000 | 93917 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 4304273 | 4304273 | 4304273 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 7512000 | 7512000 | 6390211 | 1121789 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 5266000 | 5266000 | 5147887 | 118113 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | Bank | 2230978 | 4683000 | 6913978 | 5431260 | 1482718 |

| | | | | | | |
|---|---|---|---|---|---|---|
| (ടൈഡ് ഗ്രാന്റ്) | Treasury | 0 | 1574468 | 1574468 | 1100171 | 474297 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ബേസിക്ക് ഗ്രാന്റ്) | Bank | 1746364 | 3277793 | 5024157 | 2902246 | 2121911 |
| | Treasury | 0 | 357359 | 357359 | 347132 | 10227 |
| എസ്. എസ്.എ | | 18507 | 2018 | 20525 | 0 | 20525 |
| ഐ.സി.ഡി.എസ് | | 241266 | 2059914 | 2301180 | 1488558 | 812622 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 203 | 95631254 | 171 | 58736653 | 32 | 84.23 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 6 | 6 | 4157016 | 3126277 | 75.2 |
| വെറ്ററിനറി സർജൻ | 4 | 3 | 3200000 | 1850000 | 57.81 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 9 | 9 | 2687731 | 2451486 | 91.21 |
| മെഡിക്കൽ | 1 | 1 | 350000 | 350000 | 100 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ (ഹോമിയോ) | | | | | |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 840000 | 839121 | 99.9 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27 | 25 | 31482450 | 10384177 | 32.98 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 12 | 9931382 | 9616650 | 96.83 |
| സെക്രട്ടറി | 27 | 20 | 7871526 | 5961990 | 75.74 |
| ഹെഡ്മാസ്റ്റർ | 7 | 7 | 1613363 | 1611900 | 99.91 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 104 | 82 | 30926856 | 20788327 | 67.22 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2420240 | 1627372 | 67.24 |
| അസിസ്റ്റന്റ് സെക്രട്ടറി | 2 | 2 | 150690 | 129353 | 85.84 |
| ആകെ | 203 | 171 | 95631254 | 58736653 | 61.42 |

ഡി.പി.സി. അഗീകാരം ലഭിച്ച 203 പ്രൊജക്ടുകളിൽ 171 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 95631254/- രൂപ വകയിരുത്തിയതിൽ 58736653/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18878917 | 18878917 | 18785000 | 93917 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4304273 | 4304273 | 4304273 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 7512000 | 7512000 | 6390211 | 1121789 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5266000 | 5266000 | 5147887 | 118113 |
| ആകെ | | | | | 1333819 |

പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാത്തതിനാലും, ഫലപ്രദമായ മോണിറ്ററിംഗ് ഇല്ലാത്തതിനാലും ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനായി ഉപയോഗിക്കേണ്ട 1333819/- രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. ഭാവിയിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

8-5-2023 ലെ 4/2023 ഓഫീസ് ഉത്തരവ് പ്രകാരം എല്ലാ ഉത്തരവാദിത്തങ്ങളും ജീവനക്കാർക്ക് കൃത്യമായി പുന:ക്രമീകരിച്ച് വിഭജിച്ച് നൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി വിഭജനം ചെയ്ത് കാണുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗ് നടത്തി കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിൽ സ്ഥാപനം വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. 2-4-22, 25-5-22, 22-6-22, 16-1-23, 24-1-23, 4-3-23, 14-3-23 എന്നിങ്ങനെ 7 തവണ മാത്രമേ തൻവർഷം സ്റ്റാഫ് മീറ്റിംഗ് നടത്തിയിട്ടുള്ളൂ. 24-1-23 വരെയുള്ള സ്റ്റാഫ് മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ രേഖപ്പെടുത്തി മിനുട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിൽ എല്ലാ പ്രൊക്യൂർമെന്റിലും എടുത്ത തീരുമാനങ്ങൾ രേഖപ്പെടുത്തി മിനുട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. മിനുട്സിലെ 24-6-21 ലെ മീറ്റിംഗിന് ശേഷമുള്ള പേജ്-12, 13, 14 എന്നിവ ഒഴിച്ചിട്ടിട്ടുണ്ട്. പേജ് 13 ൽ 11/21 എന്ന് പേന കൊണ്ട് എഴുതിയിട്ടുണ്ടെങ്കിലും മീറ്റിംഗിന്റെ യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. പേജ്-15 ൽ 2/22 എന്ന് മാത്രം രേഖപ്പെടുത്തി പങ്കെടുത്ത 6 പേർ പേരെഴുതി ഒപ്പിടുക മാത്രം ചെയ്തിട്ടുണ്ട്. തീരുമാനങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇപ്രകാരം പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സ് വളരെ ലാഘവത്തോടെ കൈകാര്യം ചെയ്തത് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2023 ന് 02.45 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43,729/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ തനത് വരുമാനഫണ്ട് വിപുലീകരിക്കാവുന്നതാണ്. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

### വസ്തുനികുതി വരവ്

2011 ലെ വസ്തുനികുതി ചട്ടപ്രകാരം 5 വർഷം കൂടുമ്പോൾ നിയമാനുസരണം നികുതി വർദ്ധിപ്പിക്കാവുന്നതാണ്. 22.03.2023 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 77/2023/എൽ.എസ്.ജി.ഡി പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 28.04.2023 ലെ 1/1 ഭരണ സമിതി തീരുമാന പ്രകാരം കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ നിരക്കുകൾ 01/04/2023 തീയതി നിലവിലുള്ള വസ്തുനികുതി, സേവന ഉപനികുതി പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന്

ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധികൾക്ക് വിധേയമായി 01/04/2023 പ്രാബല്യത്തിൽ പഴയ കെട്ടിടങ്ങൾക്ക് നിലവിൽ വന്നിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് ആക്ട് 203-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷകാലയളവിലേയ്ക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്കു വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷ കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തുനികുതി നിരക്കുകൾ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023 ലെ സ.ഉ. (അച്ചടി) 25 2023 എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനപ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധികൾക്ക് വിധേയമായി കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്കും അതിന്റെ ഉപ വിഭാഗങ്ങൾക്കും തറവിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ താൽക്കാലികമായി നിശ്ചയിക്കുകയും ടി കരട് വിജ്ഞാപനം 18.05.2023 ന് ആക്ഷേപം ക്ഷണിച്ച് കൊണ്ട് പത്രങ്ങളിൽ പരസ്യം നൽകുകയും ചെയ്തിരുന്നു. എന്നാൽ ആയതിന് 30 ദിവസത്തിനകം ഒരു ആക്ഷേപവും ലഭിച്ചിട്ടില്ല എന്നതിനാൽ 28.04.2023 തീയതിയിലെ വസ്തുനികുതി പരിഷ്കരണം തീരുമാനം അന്തിമമാക്കുന്നതിന് 26.06.2023 ലെ 13/1 നമ്പർ പ്രകാരം ഭരണസമിതി ഐകകണ്ഠേന തീരുമാനിക്കുകയും അന്തിമ വിജ്ഞാപനം 13.07.2023 2 മലയാളപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 01.04.2023 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ ഭരണസമിതി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ വരാത്തതിനാൽ നിലവിൽ പുതിയ നിരക്കിലല്ല നികുതി ഈടാക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ സർവെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. നികുതി പിരിക്കുന്നതിനും, കുടിശ്ശിക നിവാരണത്തിനായി ഡിമാന്റ് നോട്ടീസുകൾ കുടുംബശ്രീ മുഖേന വിതരണം ചെയ്തിട്ടുണ്ട്. ഒക്ടോബർ മാസം മുതൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് നികുതി പിരിവ് നടത്തിയിട്ടുണ്ട്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പെർമിറ്റ്

അനധികൃത നിർമ്മാണങ്ങളെ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ സ്ഥാപനത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. സ്ഥാപനത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകളൊന്നും തന്നെയില്ല. സ്ഥാപനത്തിൽ ഒരു കെട്ടിടത്തിനും UA നമ്പർ നൽകിയിട്ടില്ലെന്നാണ് അറിയാൻ സാധിച്ചത്. പഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണം നടക്കുന്നത് സംബന്ധിച്ച് ഖണ്ഡിക 1-11 ൽ ചേർത്തിട്ടുണ്ട്. വർഷങ്ങളായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളിനെതിരെ നാളിതുവരെ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ടി കെട്ടിടത്തിന് 2007 മുതലുള്ള വസ്തുനികുതി കുടിശ്ശികയാണ്. ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1), പട്ടിക 3, 235എ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിയന്ത്രിക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. വകുപ്പ് 162 (എ) (Ii) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയാണ് കെട്ടിട നിർമ്മാണ നിയന്ത്രണ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തി വെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

തൊഴിൽ നികുതി വരവ്

| വർഷം | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| 2019-20 | 1375220 | 1375220 | 0 |
| 2020-21 | 1469930 | 1469930 | 0 |
| 2021-22 | 1663540 | 1663540 | 0 |
| 2022-23 | 1788480 | 1788480 | 0 |

പഞ്ചായത്തിന്റെ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ഖണ്ഡിക 1-10 ൽ ചേർത്തിട്ടുണ്ട്. സ്ഥാപനത്തിൽ 2019-20 വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ വരവ് 413260/- രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട് എന്നത് പ്രശംസാർഹമാണ്. തുടർന്നും ഇത്തരത്തിൽ നികുതി പിരിവിന് ഉർജ്ജിത ശ്രമം നടത്തേണ്ടതാണ്.

തൊഴിൽ നികുതി- സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുള്ള ഡാറ്റാബെയ്സ് ഉണ്ടാക്കി കാലികമായ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റതാക്കാവുന്നതാണ്. വിവിധ മേഖലയിലെ സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻകട വ്യാപാരികൾ), സ്വകാര്യ സ്കൂൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരുടെയും സമ്പൂർണ്ണ ഡാറ്റാബേസ് പരിപാലിക്കേണ്ടതാണ്. GIS Mapping പദ്ധതി നടത്തിപ്പ് വിജയകരമായാൽ ടി ആവശ്യകതകൾ പൂർത്തിയാകുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തൊഴിൽ നികുതി പിരിവ് എല്ലാ മേഖലകളിലും സ്പാർക്ക് പോലുള്ള സോഫ്റ്റ്‌വെയറുകളിലൂടെ നേരിട്ട് തന്നെ കണക്കാക്കി അക്കൗണ്ടിൽ വരവ് വരുന്ന രീതി നടപ്പായാൽ നികുതി പിരിവ് കാര്യക്ഷമമാകും. ഇപ്രകാരം തയ്യാറാക്കിയ സോഫ്റ്റ്‌വെയറിൽ ഓരോ സ്ഥാപനത്തിനും ലോഗിൻ നൽകി അതിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെ വിവരങ്ങളും ഇടപാടുകളും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി തൊഴിൽനികുതി ഓൺലൈനായി അടക്കാവുന്നതും അതുവഴി ലൈസൻസ് നൽകുന്നതുകൂടി പരിഗണിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ തുടങ്ങുന്ന ഏതൊരു സ്ഥാപനവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം എന്ന നിയമവും ചട്ടവും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. സ്ഥാപനത്തെ സംബന്ധിച്ച കണക്ക് കൃത്യമായി സമർപ്പിക്കാത്ത സ്ഥാപന മേധാവി/ഉടമയ്ക്ക് പിഴ ചുമത്താവുന്നതാണ്.

തൊഴിൽനികുതി ചട്ടം 14 എ പ്രകാരം എല്ലാ തൊഴിലുടമയും അല്ലെങ്കിൽ ഏതെങ്കിലും പൊതു അല്ലെങ്കിൽ സ്വകാര്യ ഓഫീസ്, ഹോട്ടൽ, ബോർഡിംഗ് അല്ലെങ്കിൽ ലോഡ്ജിംഗ് ഹൗസ് അല്ലെങ്കിൽ ക്ലബ്ബ് അല്ലെങ്കിൽ ഒരു സ്ഥാപനം അല്ലെങ്കിൽ കമ്പനി അല്ലെങ്കിൽ തൊഴിൽനികുതി പിരിക്കാൻ

ബാധ്യസ്ഥരായ മറ്റേതെങ്കിലും വ്യക്തിയുടെ മേധാവിയോ സെക്രട്ടറിയോ മാനേജർമാരോ ഓൺലൈൻ വഴി സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. കൂടാതെ അതിന്റെ സ്ഥാപനത്തിന്റെയോ ഓഫീസിന്റെയോ രജിസ്ട്രേഷനും പ്രസ്തുത അപേക്ഷ ലഭിച്ചതിനും ശേഷം, സെക്രട്ടറി ഒരു ദിവസത്തിനുള്ളിൽ അപേക്ഷ രജിസ്റ്റർ ചെയ്യുകയും ലോഗിൻ ഐഡിയും പാസ്‌വേഡും ഉൾപ്പെടെയുള്ള രജിസ്ട്രേഷൻ നമ്പർ നൽകുകയും നികുതിദായകന് തൊഴിൽനികുതി അടയ്ക്കുകയും ചെയ്യാം. ലോഗിൻ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ഓൺലൈൻ ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ, നൽകിയിട്ടുണ്ട്, എന്നിരുന്നാലും, ഓഫീസിൽ ഓൺലൈൻ സംവിധാനം അവതരിപ്പിക്കുന്നത് വരെ, നികുതിദായകർക്ക് നിലവിലുള്ള മാനുവൽ സംവിധാനത്തിലൂടെ പണമടയ്ക്കാനും അതിനുശേഷം ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലേക്ക് മാറാനും കഴിയും.

<u>ലൈസൻസ് വരവ്</u>

1994 ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതുതാൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനത്തോടൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്. ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുക എന്നത് കുറ്റകരമായ പ്രവൃത്തിയാണ്. അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരക്കേണ്ടതുമാണ്. സർക്കാരിന്റെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിന്റെ ഭാഗമായി സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി വിവിധ നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഉത്തരവുകൾ പരിശോധിച്ച് ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. (ഖണ്ഡിക 1-12 കാണുക).

<u>വാടക, ലേലം</u>

വാടകയിനത്തിൽ പഞ്ചായത്തിന്റെ ഏക വരുമാന സ്രോതസ് പഞ്ചായത്തിന്റെ അധീനതയിലുള്ള ഗ്രൗണ്ടാണ്. വിവിധ പരിപാടികൾക്കായി, ഫുഡ്ബോൾ ടൂർണമെന്റുകൾ സംഘടിപ്പിക്കുന്നതിനായി പ്രതിദിനം 500/- രൂപാ നിരക്കിൽ ഗ്രൗണ്ട് വാടകയ്ക്ക് നൽകി പോരുന്നുണ്ട്. 2022-23 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ഗ്രൗണ്ടിൽ നിന്നുള്ള വാടകയിനത്തിൽ 33000/- രൂപ വരവുണ്ട്.

2017-18 വർഷം മുതൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മത്സ്യമാർക്കെറ്റ് ലേലം ചെയ്തിട്ടില്ല. ആയതിനാൽ 2017-18 വർഷം മുതൽ മത്സ്യമാർക്കറ്റ് ലേലം ഇനത്തിൽ വരവില്ല. അടിസ്ഥാന സൗകര്യം ഏർപ്പെടുത്താത്തതിനാൽ ആരും തന്നെ ലേലത്തിൽ പങ്കെടുത്തില്ല. നാളിതുവരെയും മത്സ്യമാർക്കറ്റ് ലേലം ചെയ്ത് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇത് മൂലം പഞ്ചായത്തിന് ലഭ്യമാകേണ്ട ലേലം, ലൈസൻസ് എന്നിവയിൽ നിന്നുള്ള വരുമാനം നഷ്ടപ്പെടുന്നു. (ഖണ്ഡിക 1-13 കാണുക)

<u>രജിസ്ട്രേഷൻ ഫീസ്</u>

1. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 50/- രൂപയാണ് വരവ്

രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 800/- രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ് .

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ താഴെപ്പറയുന്ന നിരക്കുകളിൽ കുറവായിരിക്കുവാൻ പാടുള്ളതല്ല.

| | | |
|---|---|---|
| (എ) | ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാല നത്തിനും ചപ്പു ചവറുകൾ, പക്ഷി മൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്യ വസ്തുക്കൾ തുടങ്ങിയ പരമാലിന്യ ങ്ങൾ എന്നിവ നീക്കം ചെയ്യുന്ന തിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തുനികുതി യുടെ 4% |
| (ബി) | ജലവിതരണം (തെരുവുടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തുനികുതി യുടെ 3% |
| (സി) | തെരുവുവിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തുനികുതി യുടെ 2% |

| | | |
|---|---|---|
| | | |
| (ഡി) | ഡ്രെയിനേജ് (അഴുക്കു ചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തുനികുതി യുടെ 1% |

ഗ്രാമപഞ്ചായത്തിന്, ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് അറിയിക്കേണ്ടതാണ്.

<u>കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്</u>

പഞ്ചായത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളുടെ സംഗതിയിൽ 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

<u>ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം</u>

ഓഡിറ്റ് വർഷത്തിൽ 19 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, ILGMS വിന്യസിച്ചത് സംബന്ധിച്ച്, ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തൽ, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിന് കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച്, 100 $M^2$ ന് താഴെയുള്ള റെസിഡെൻഷ്യൽ കെട്ടിടങ്ങൾ പരിശോധിച്ച് അധിക നിർമ്മാണം കണ്ടെത്തി നികുതി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച്, നികുതി പിരിവ് ഊർജ്ജിതമാക്കുന്നത്, പൊതുടാപ്പുകളുടെ സംയുക്ത പരിശോധന, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കൽ, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, കരട് വാർഷിക ബജറ്റ് അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും അവതരിപ്പിച്ചിട്ടില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/ എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നികുതി പിരിവ് 100% കൈവരിക്കുന്നതിനായി ലൈസൻസിനോടൊപ്പം നികുതി പിരിവ് ക്യാമ്പ് സംഘടിപ്പിക്കുന്നത് സംബന്ധിച്ചും 25.02.2023 തീയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

• വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്നു പരിശോധിക്കണം.

• വിഭവസമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കണം.

• കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണ ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

നിലവിൽ ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഭാവിയിൽ പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതും ആയത് പ്രകാരം തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ഭരണസമിതിക്ക് ശുപാർശകൾ നൽകേണ്ടതുമാണ്.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5,069,200 | 472 |
| വിധവാ പെൻഷൻ | 10,975,600 | 1007 |
| വാർദ്ധക്യകാല പെൻഷൻ | 19,269,400 | 1894 |
| വികലാംഗ പെൻഷൻ | 3,573,400 | 332 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിത രായ സ്ത്രീകൾക്കുള്ള പെൻഷൻ | 470,400 | 43 |

## 1-10 തൊഴിൽ നികുതി അപാകതകൾ

കൊടിയത്തൂർ പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് രജിസ്റ്ററും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും സർക്കാർ നിഷ്കർഷിച്ചതിന് വിരുദ്ധമായാണ് തൊഴിലാളികൾക്ക് വേതനം നൽകുന്നതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | തൊഴിലാളിയുടെ പേര്/ ഉദ്യോഗപ്പേര് | റിട്ടേൺ പ്രകാരം നൽകുന്ന അടിസ്ഥാന വേതനം (രൂപ) | നിയമ പ്രകാരം നൽകേണ്ടുന്ന മിനിമം വേതനം (രൂപ) | സർക്കാർ ഉത്തരവ് |
|---|---|---|---|---|---|
| 1 | ടി.എസ് നം. 22 ടോഡി ഷോപ്പ്, തോട്ടുമുക്കം | ശ്രീ. വിനോദ്, സെയിൽസ്മാൻ | | 11870/- | G.O.(P) No.58/E1 /2018/LBR Dated, Thiruvananthapuram, |
| | | ശ്രീ. ഷാജി, | | 11870/- | |

| | | | | | |
|---|---|---|---|---|---|
| | | സെയിൽസ്മാൻ | | | |
| | | ശ്രീ. വിജേഷ്, സെയിൽസ്മാൻ | | 11870/- | 2nd August, 2018 |
| | കുറിപ്പ് : മേൽ സ്ഥാപനത്തിന്റെ തൊഴിൽ നികുതി റിട്ടേൺ പരിശോധിച്ചതിൽ അടവാക്കാനുള്ള തൊഴിൽ നികുതി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് (450 രൂപ വീതം). എന്നാൽ അടിസ്ഥാന ശമ്പളം രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും കള്ളുഷാപ്പുകളിലെ സെയിൽസ്മാൻമാർക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന ശമ്പളം 11870/- രൂപ ആയതിനാൽ അപ്രകാരം ശമ്പളം നൽകുകയാണെങ്കിൽ പഞ്ചായത്തിൽ അടവാക്കേണ്ട അടിസ്ഥാന തൊഴിൽ നികുതി 600/- രൂപ വീതമായിരിക്കും. | | | | |
| 2 | കമ്മൂസ് ഫ്യൂവൽസ്, കൊടിയത്തൂർ | ശ്രീ,നിസാമുദ്ദീൻ പമ്പ് അറ്റന്റർ | 9500/- | 13300/- | G.O.(P) No.22/2020/LBR Dated, Thiruvananthapuram, 7 Th February, 2020 |
| | | ശ്രീ. മുക്ലിദുൾ അസ്ലം | 9500/- | 13300/- | |
| | | ശ്രീ. സൈഫുൽ ഇസ്ലാം, പമ്പ് അറ്റന്റർ | 9500/- | 13300/- | |
| | | ശ്രീമതി.ഷരീഫ്, പമ്പ് അറ്റന്റർ | 9500/- | 13300/- | |
| 3 | എയ്പെക്സ് പബ്ലിക്ക് സ്കൂൾ | DTP Operator | 7400/- | 12590/- | G.O.(P) No.22/2021/LBR Dated, Thiruvananthapuram, 11 Th February, 2021 |
| | | ഓഫീസ് സ്റ്റാഫ് | 7750/- | 12590/- | |
| | കുറിപ്പ് : മേൽ സ്ഥാപനത്തിന്റെ തൊഴിൽ നികുതി റിട്ടേൺ പരിശോധിച്ചതിൽ ടീച്ചിങ്ങ് സ്റ്റാഫുകൾക്ക് തുച്ഛമായ വേതനമാണ് നൽകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടു. CBSE അഫിലിയേഷനുള്ള ടി സ്ഥാപനത്തിൽ CBSE നിഷ്കർഷിച്ച പ്രകാരം സംസ്ഥാന സർക്കാർ അടിസ്ഥാന വേതനം നൽകുന്നുണ്ടെന്നും അപ്രകാരം വരുമാനത്തിന് അനുസൃതമായാണ് തൊഴിൽനികുതി അടവാക്കുന്നതെന്നും പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്. | | | | |
| 4 | അജ് വ ഹോട്ടൽ | ശ്രീ. നിയാസ്, മാനേജർ | 7333/- | 8230/- | G.O.(P) No.196/2016/LBR Dated, Thiruvananthapuram, 21st December, 2016 |
| | | ശ്രീ. സൈഫു, കുക്ക് | 4833/- | 7850/- | |
| | | ശ്രീ. നിഷാദ്, ഡെലിവറി ബോയ് | 4667/- | 7850/- | |
| | | ശ്രീ. മിദിലാജ്, ഡെലിവറി | 4667/- | 7850/- | |

| | | |
|---|---|---|
| ബോയ് | | |
| ശ്രീ. ഫിജാസ്, സപ്ലയർ | 4667/- | 7850/- |
| ശ്രീ. നൗഫൽ, സപ്ലയർ | 4667/- | 7850/- |

കുറിപ്പ്: മേൽ സ്ഥാപനത്തിൽ നിന്ന് കുക്ക്, ഡെലിവറി ബോയ്, സപ്ലയർ എന്നിവരിൽ നിന്നും ഈടാക്കിയിരിക്കുന്ന തൊഴിൽ നികുതി 180/- രൂപ വീതമാണ്. മിനിമം വേതന പ്രകാരം യഥാർഥത്തിൽ മേൽ പരാമർശിച്ചവർക്ക് മിനിമം വേതനം ലഭിച്ചിരുന്നുവെങ്കിൽ അടവാക്കേണ്ടിയിരുന്നത് 450/- രൂപ വീതമാണ്.

തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ വേതനം വസ്തുനിഷ്ഠമായാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതിയിൽ ഇളവ് ലഭിക്കുന്നതിനായാണ് വേതനം കുറച്ച് കാണിക്കുന്നതെങ്കിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം ലേബർ വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2022-23 വർഷം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല .

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | ശ്രീ. കെടിസി മമ്മദ് |
| 2 | ശ്രീ. ജസീദ് |
| 3 | ശ്രീ. ഷിനിൽ. കെ.എം |
| 4 | ശ്രീ. ഹുസൈൻ |
| 5 | ശ്രീ. ഇ.കെ അഹമ്മദ് കുട്ടി |
| 6 | ശ്രീ. അനീഷ്. വി.കെ |
| 7 | ശ്രീ. സുമോദ് |
| 8 | ശ്രീ. അബ്ദുൾ റഷീദ്. പി.പി |
| 9 | ശ്രീ. മുഹമ്മദ് ആഷിഖ് |

| | |
|---|---|
| 10 | ശ്രീ. അബ്ദുൾ ഖഫൂർ |
| 11 | ശ്രീ. ഉസ്മാൻ. വി.സി |
| 12 | ശ്രീ. ജോഷിൽ. എം.ടി |
| 13 | ശ്രീ. ലത്തീഫ് അക്കരപറമ്പ |
| 14 | ശ്രീ. അബ്ദുനിസാം. എം.ടി |
| 15 | ശ്രീ. കുഞ്ഞി മൊയ്തീൻ. എ.പി |
| 16 | ശ്രീ. സാജിത്. എൻ |
| 17 | ശ്രീ. ഷംസുദ്ദീൻ. കെ |
| 18 | ശ്രീ. മുഹമ്മദ് ലൈസ് |
| 19 | ശ്രീ. രഘു പ്രസാദ്. എൻ.കെ |
| 20 | ശ്രീ. അബ്ദുൾ മജീദ് |
| 21 | ശ്രീ. അബ്ദുൾ ബഷീർ |
| 22 | ശ്രീ. അബ്ദുള്ള. പി.വി |
| 23 | ശ്രീമതി. ശ്രീജ |
| 24 | ശ്രീ. ഫിറോസ് ഖാൻ |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി കരാറുകാർ മറ്റ തദ്ദേശ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തിലോ അവർ താമസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലോ തൊഴിൽനികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ആയതിന്റെ രേഖകൾ റിട്ടേൺ ഫയലിനോടൊപ്പം പഞ്ചായത്ത് സൂക്ഷിച്ചുവയ്ക്കേണ്ടതും ആയത് പരിശോധനയ്ക്ക് ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-11 അനധികൃത നിർമ്മാണം- തുടർനടപടികൾ സ്വീകരിക്കുന്നില്ല

കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ 02/02/2023 ലെ SC3 1340/23 നമ്പർ തപാൽ, ശ്രീ. അബിദുള്ള [ജനറൽ സെക്രട്ടറി, എയ്പെക്സ് എജ്യുക്കേഷൻ ട്രസ്റ്റ് (Regd.), എരഞ്ഞിമാവ്, പന്നിക്കോട് (പി.ഒ), മുക്കം, പിൻകോഡ്- 673602] എന്നവരുടെ കെട്ടിടത്തിന് കെട്ടിട നമ്പർ തുടർന്ന് ലഭിക്കുന്നതിനുള്ള അപേക്ഷയിൽ പരാമർശിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

മേൽ പരാമർശിച്ച തപാൽ പ്രകാരം കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡിൽ 22 വർഷമായി പ്രവർത്തിച്ചു വരുന്ന CBSE അംഗീകാരമുള്ള ഒരു സീനിയർ സെക്കന്ററി സ്കൂളാണ് എയ്പെക്സ് സ്കൂൾ. 2000 ജൂണിൽ പ്രവർത്തനം ആരംഭിച്ച സ്കൂൾ CBSE അഫിലിയേഷൻ ചെയ്യുന്നതിന് 2005 ൽ കേരള സർക്കാറിൽ നിന്ന് NOC ലഭിച്ചിരുന്നു, 2005 ൽ തന്നെ സ്കൂളിന് CBSE അംഗീകാരം ലഭിക്കുകയും ചെയ്തു. നിലവിൽ നാല് ബ്ലോക്കുകളിലായി (റീ.സ നമ്പർ 142/2A) നിലനിൽക്കുന്ന ടി സ്കൂൾ കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള മെയിൻ ബ്ലോക്കിന് 2000 ൽ തന്നെ KP VIII/597B കെട്ടിട നമ്പറും തെക്കുഭാഗത്തുള്ള ബ്ലോക്കിന് KP VIII/597A കെട്ടിട നമ്പറും നൽകുകയും 2000 ലും 2006 ലും പഞ്ചായത്ത് സെക്രട്ടറി മേൽ കെട്ടിടങ്ങൾക്ക് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിരുന്നു. 2000 ൽ തന്നെ കെട്ടിടനമ്പർ വാങ്ങി 2006 വരെ കെട്ടിട നികുതി അടച്ച് പോന്ന ഈ സ്ഥാപനം ഒരു ചാരിറ്റബിൾ ട്രസ്റ്റിനു കീഴിലായതിനാൽ കെട്ടിടനികുതി അടക്കേണ്ടതില്ലെന്ന് ധരിച്ചുകൊണ്ട് 2006 ന് ശേഷം കെട്ടിട നികുതി അടച്ചിരുന്നില്ല. എങ്കിലും കെട്ടിട നമ്പർ നിലനിൽക്കുന്നുണ്ടെന്നാണ് ധരിച്ചിരുന്നത്. പിന്നീട് 2008-09 ൽ KP VIII/305-ാം നമ്പർ പ്ലെയിറ്റ് കെട്ടിടത്തിന് പഞ്ചായത്ത് ഉദ്യോഗസ്ഥൻ പതിച്ച് പോകുകയും ചെയ്തിട്ടുള്ളതാണ്. പക്ഷെ ഈ കെട്ടിടങ്ങൾക്ക് തുടർന്ന് കെട്ടിട നമ്പർ നൽകിയിട്ടില്ലെന്നാണ് അറിഞ്ഞത്.

കേരള സർക്കാരിൽ നിന്ന് NOC ലഭിക്കുന്നതിന് 2005 ഫെബ്രുവരി 26 ന് കോഴിക്കോട് PWD ബിൽഡിംഗ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്കൂൾ നിലനിൽക്കുന്ന KP VIII/597B കെട്ടിടത്തിൽ സ്ഥലപരിശോധന നടത്തി ബിൽഡിംഗ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ടി സർട്ടിഫിക്കറ്റിലും കോഴിക്കോട് ജില്ലാ ഡിസ്ട്രിക്റ്റ് എഡ്യുക്കേഷൻ ഓഫീസർ കേരള സർക്കാരിൽ നിന്നും NOC ലഭ്യമാക്കുന്നതിന് ഡയറക്ടർ ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷന് (തിരുവനന്തപുരം) 2005 മാർച്ച് 2 ന് സമർപ്പിച്ച റിപ്പോർട്ടിലും ഇത് മൂന്ന് നില കെട്ടിമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ച രണ്ട് കെട്ടിടങ്ങളും (KP VIII/597A, KP VIII/597B) നിലനിൽക്കുന്ന റി.സ 142/2A ൽപ്പെട്ട ഈ സ്ഥലം കൊടിയത്തൂർ പഞ്ചായത്തിലെ തണ്ണീർത്തട ഡാറ്റാ ബാങ്ക് പ്രകാരം 30 വർഷം മുൻപ് നികത്തപ്പെട്ടതും കൊടിയത്തൂർ പഞ്ചായത്തിൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് പ്രാബല്യത്തിൽ വരുന്നതിന്റെ മുമ്പ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതുമാണെന്ന്. അതുകൊണ്ട് 2000 മുതൽ ഈ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന എയ്പെക്സ് പബ്ലിക് സ്കൂളിന്റെ CBSE അംഗീകാരം നിലനിർത്തുന്നതിന് വേണ്ടി പടിഞ്ഞാറെ ബ്ലോക്ക് കെട്ടിടവും തെക്കെ ബ്ലോക്ക് കെട്ടിടവും മുമ്പ് നമ്പറിട്ട പഴയ കെട്ടിടമായി പരിഗണിച്ച് പഴയ നമ്പറിന്റെ തുടർച്ചയെന്നോണം പുതിയ കെട്ടിട നമ്പർ നൽകുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

മേൽ അപേക്ഷയ്ക്കൊപ്പം ലഭ്യമാക്കിയ രേഖകൾ താഴെ ചേർക്കുന്നു.

2000, 2006 വർഷങ്ങളിൽ ലഭിച്ച ഓണർഷിപ്പ് സർട്ടിഫിക്കറ്റുകൾ, 2005 ൽ ലഭിച്ച ബിൽഡിംഗ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, 2005 ലെ DEO യുടെ സ്ഥലപരിശോധന റിപ്പോർട്ട്, 2005 ലെ കേരള സർക്കാരിന്റെ NOC, 2005 ലെ CBSE അഫിലിയേഷൻ സർട്ടിഫിക്കറ്റ്, 2007 ലെ ജില്ലാ കലക്ടറുടെ ലാൻഡ് സർട്ടിഫിക്കറ്റ്, 2005 ൽ എടുത്തിട്ടുള്ളതെന്ന് പറയപ്പെടുന്ന കെട്ടിടത്തിന്റെ പഴയ ചിത്രം, ബിൽഡിംഗ് ടാക്സ് അടവാക്കിയതിന്റെ രസീതികൾ {ഫയലിൽ ലഭ്യമായ രസീതികൾ പ്രകാരം ബിൽഡിംഗ് ടാക്സ് അടവാക്കിയ വർഷങ്ങൾ 8/597 A- 2000-01, 2001-02, 2002-03, 2004-05, 2005-06, 8/597 B- 2000-01, 2001-02, 2002-03, 2004-05, 2005-06}, വില്ലേജ് ഓഫീസർ ഇഷ്യൂ ചെയ്ത സർവെ പ്ലാൻ, ഡാറ്റാ ബാങ്കിലെ വിവരങ്ങൾ, കൃഷി ഓഫീസർ RDO ക്ക് നൽകിയ റിപ്പോർട്ട്.

ടി ഡോക്യുമെന്റ്സുമായി ബന്ധപ്പെട്ട വിവരങ്ങളും ഓഡിറ്റ് നിരീക്ഷണങ്ങളും ചുവടെ ചേർക്കുന്നു.

പി.ഡബ്ല്യു.ഡി ബിൽഡിംഗ് സബ് ഡിവിഷന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 26/02/2005 ന് നൽകിയ സ്റ്റെബിലിറ്റി ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ 4+2=6 Class Room കളും 2 സ്റ്റാഫ് റൂം 1 ഓഫീസ് റൂം 2 ടോയ്‌ലറ്റ് റൂം, 1st Floor ൽ 4+2=6 ക്ലാസ് Room, 2 Staff Room, 1 Library, 2 Toilet എന്നീ പെർമനെന്റ് മൾട്ടി സ്റ്റോറേജ് കോൺക്രീറ്റ് ബിൽഡിംഗ് പ്രവർത്തിച്ചു വരുന്നതായും രണ്ടും മൂന്നു നിലകളുടെ പ്രവൃത്തി പുരോഗമിക്കുന്നതായും റിപ്പോർട്ടിൽ പറയുന്നുണ്ട്.

CBSE അഫിലിയേഷൻ ലഭിക്കുന്നതിനായി 02.03.2005 ലെ കോഴിക്കോട് DEO യുടെ വിസിറ്റ് റിപ്പോർട്ടിൽ APEX Education ട്രസ്റ്റിന്റെ കീഴിൽ APEX പബ്ലിക് സ്കൂൾ കഴിഞ്ഞ അഞ്ചു വർഷമായി പ്രവർത്തിച്ചു വരുന്നതായും റിപ്പോർട്ട് ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ 8/4/2005 ന് ജനറൽ എഡ്യൂക്കേഷൻ വകുപ്പ് 15757/N3/2005/G Edn:- Number NOC നൽകിയിട്ടുമുണ്ട്. ടി റിപ്പോർട്ട് പ്രകാരം ടി മൂന്നു നില കെട്ടിടത്തിൽ 14 ക്ലാസ് മുറികളാണെന്നും I മുതൽ VIII വരെ ക്ലാസുകളാണ് പ്രവർത്തിച്ചുവരുന്നതെന്നും സാക്ഷ്യപ്പെടുത്തുന്നു. നിലവിൽ സ്കൂൾ പ്ലസ് ടു വരെയാണുള്ളത്. ഏത് വർഷം മുതൽക്കാണ് സ്കൂളിന് പ്ലസ് ടു വരെ പ്രവർത്തിപ്പിക്കാനുള്ള അനുവാദം ലഭിച്ചത് എന്നും ആയതിന് കെട്ടിടത്തിൽ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്നും ഫയലിൽ ലഭ്യമല്ല. സ്ഥാപനത്തിന്റെ വെബ്സൈറ്റ് പരിശോധിച്ചതിൽ 2.051 ഏക്കർ ഏരിയയിലാണ് കെട്ടിടം പ്രവർത്തിക്കുന്നതെന്ന് കാണുന്നു.

2005 ലെ CBSE അഫിലിയേഷൻ സർട്ടിഫിക്കറ്റ് (CBSE/Aff/930581/22572-76 തീ. 13.10.2005) 10-ാം നിബന്ധന പ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിഷ്കർഷിക്കുംവിധം സേവന വേതന ആനുകൂല്യങ്ങൾ നൽകണമെന്നുമുണ്ട്. തൊഴിൽനികുതി റിട്ടേൺ പരിശോധിച്ചതിൽ ആയത് പാലിക്കുന്നില്ലെന്ന് കാണാം. ജീവനക്കാർക്ക് മിനിമം വേതനം നൽകുന്നില്ല. 2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ടി സ്ഥാപനത്തിൽ 19 ജീവനക്കാരാണുള്ളതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ടി കെട്ടിടത്തിന്റെ വെബ്സൈറ്റിൽ 2015-16 വർഷത്തെ ഫാക്കൽറ്റി ലിസ്റ്റിൽ (Https://apexpublicschool.com/school/faculty) 43 പേരാണുള്ളത്. പ്ലസ് ടു വരെയുള്ള ഈ സ്ഥാപനത്തിൽ 19 ജീവനക്കാർ മാത്രമാണ് നിലവിലുള്ളതെന്നത് അവിശ്വസനീയമാണ്.

11-ാം നിബന്ധന പ്രകാരം സ്കൂളും അതിന്റെ രേഖകളും എപ്പോൾ വേണമെങ്കിലും സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ഉൾപ്പെടെയുള്ള ഒരു ഉദ്യോഗസ്ഥന് പരിശോധനയ്ക്കായി സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ സ്കൂൾ അധികൃതർ നൽകേണ്ടതുമാണ്. മേൽ നിബന്ധന പ്രകാരവും കേരളാ പഞ്ചായത്ത് രാജ് ആക്ട് ആന്റ് റൂൾസ് പ്രകാരവും ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ടി സ്ഥാപനത്തെ കുറിച്ച് ഏത് രേഖകളും ആവശ്യപ്പെടാവുന്നതാണ്. ഈ കെട്ടിടത്തിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നുണ്ടെങ്കിലും പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി വരവ് വരുന്നു എന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തുന്നില്ല.

ഭൂമിയുടെ തരം മാറ്റുന്നത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് കൃഷി ഓഫീസർ RDO ക്ക് സമർപ്പിച്ചിട്ടുണ്ട് (08.10.2012 ലെ കെബി/കെആർ/618/2012 നമ്പർ റിപ്പോർട്ട്). പ്രസ്തുത റിപ്പോർട്ട് പ്രകാരം റീ.സ 142/2A, 142/3A, 142/4A യിൽപ്പെട്ട 205.1 സെന്റ് സ്ഥലം കൊടിയത്തൂർ പഞ്ചായത്തിലെ തണ്ണീർതട ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും എന്നാൽ 30 വർഷം മുൻപ് നികത്തപ്പെട്ടത് ആണ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണെന്നും പ്രസ്തുത സ്ഥലത്ത് 08.10.2012 ന് കൃഷി ഓഫീസർ പരിശോധന നടത്തിയതിൽ റോഡിന് സമാന്തരമായും അതിരുകളിലുമായി ഏകദേശം 25 മുതൽ 30 വർഷം വരെ പ്രായമായ 28 ഓളം തെങ്ങുകളും അതേ പ്രായമായ 19 കവുങ്ങുകളും കാണുകയുണ്ടായി എന്നും സ്ഥലപരിശോധന വേളയിൽ പണി കഴിഞ്ഞ ഒരു മൂന്നു നിലകെട്ടിടം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായും പ്രസ്തുത കെട്ടിടത്തിനോട് ചേർന്ന് പുതിയ ക്ലാസ് റൂമുകൾക്കായി ഗ്രൗണ്ട് ഫ്ലോർ

പണിതുകൊണ്ടിരിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2012 ൽ നടത്തിയ സ്ഥലപരിശോധന റിപ്പോർട്ട് പ്രകാരം നിലവിലുണ്ടായിരുന്ന കെട്ടിടത്തിനോടു ചേർന്ന് പുതിയ ക്ലാസ് റൂമുകൾക്കായി ഗ്രൗണ്ട് ഫ്ലോർ പണിതു കൊണ്ടിരിക്കുന്ന എന്ന കൃഷി ഓഫീസറുടെ പ്രസ്താവന പഞ്ചായത്തിന്റെ അനുമതി കൂടാതെയാണ് നിർമ്മാണം നടത്തിയിരിക്കുന്നത് എന്നതിന് ഉത്തമ ഉദാഹരണമാണ്. ടി കെട്ടിടത്തിനെ കുറിച്ചുള്ള യാതൊരു വിവരവും സഞ്ചയ സോഫ്റ്റ്‌വെയറിലില്ല. കൂടാതെ കെട്ടിടത്തിന്റെ പ്ലാനോ, കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ആധാരമോ പഞ്ചായത്തിൽ ലഭ്യമല്ല.

നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ $360^0$ View ഗൂഗിൾ മാപ്പിൽ ലഭ്യമാണ്. കൂടാതെ കെട്ടിടത്തിന്റെ മറ്റ് ചിത്രങ്ങളും ലഭ്യമാണ്. ആയത് പരിശോധിച്ചതിൽ കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിട്ടുള്ളത് വ്യക്തമാക്കുന്നവയാണ്.

Google View Link

Https://www.google.com/local/place/fid/0x3ba646b62d6c3979:0xb88887deef185a4d
/photosphere?iu=https://streetviewpixels-pa.googleapis.com
/v1/thumbnail?panoid%3DiZZ7AHYLRtjwLcQHA0wm4w%26cb_client%
3Dlu.gallery.gps%26w%3D160%26h%3D106%26yaw%3D251.02847%
26pitch%3D0%26thumbfov%3D100&ik=CAISFmlaWjdBSFlMUnRqd0xjUUhBMHdtNHc%3D





29.11.2012 ലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ2/7037/2012 നമ്പർ നടപടിക്രമങ്ങൾ പ്രകാരം ശ്രീ. അബ്ദുള്ള എന്നവരുടെ ഉടമസ്ഥതയിലുള്ള അനധികൃതമായി പ്രവർത്തിക്കുന്ന എയ്പെക്സ് പബ്ലിക്ക് സ്കൂൾ എന്ന കെട്ടിടത്തിന് 12.01.2011 മുതൽ 8/UA.45 നമ്പർ നൽകി 12.01.2011 മുതൽ 30.09.2012 വരെ 42924/- രൂപ വസ്തുനികുതി അടവാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് കെട്ടിടയുടമ ഓംബുഡ്സ്മാനിൽ പരാതി നൽകിയതായി കാണുന്നു. ഓംബുഡ്സ്മാൻ 15/11/2012 ൽ Op No 1615/2012 ലെ അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിയുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

"ഹർജിക്കാരന്റെ പരാതി പ്രകാരം- തന്റെ രണ്ട് കെട്ടിടങ്ങൾ റഗുലറൈസ് ചെയ്ത് തരുന്നതിന് സമർപ്പിച്ച അപേക്ഷ കെട്ടിടങ്ങൾ നിൽക്കുന്ന സ്ഥലം രേഖകളിൽ നിലം വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് നിരീക്ഷിച്ച് കെട്ടിടങ്ങൾക്ക് Occupancy യോ അംഗീകാരമോ നൽകാൻ സാധ്യമല്ല എന്ന് കാണിച്ച് കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തിരസ്കരിച്ചിരിക്കുകയാണ്. രേഖകളിൽ പ്രസ്തുത സ്ഥലം നിലം വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്നതിനെപ്പറ്റി തർക്കമൊന്നുമില്ല. രേഖകളിൽ നിലം എന്നുള്ളതുകൊണ്ടുമാത്രം കെട്ടിടം നിർമ്മിച്ചിരിക്കുന്ന ഭൂമി കെട്ടിടം നിർമ്മിക്കുന്ന സമയത്ത് നിലം തന്നെയാണെന്ന് തീരുമാനിക്കാൻ പറ്റില്ലെന്നും മറ്റു കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ടെന്നുമാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇതേ വിഷയം പല വിധി ന്യായങ്ങളിലൂടെ തീർപ്പ് കൽപ്പിച്ചത്.

ഉദാഹരണമായി, വിശാലമായ ഒരു സ്ഥലത്തിന്റെ കുറെ ഭാഗം കെട്ടിട നിർമ്മാണത്തിനായി വർഷങ്ങൾക്ക് മുമ്പുതന്നെ ഉപയോഗിച്ചതാണെങ്കിൽ ഈ സ്ഥലം 'നില'മാണ് എന്ന് നിരീക്ഷിക്കുന്നത് ഈ ആക്റ്റിന്റെ അന്തസത്തക്ക് നിരക്കാത്തതും പൊതു താത്പര്യത്തിന് വിരുദ്ധവുമാണ്. 2008 ലെ നിലം സംരക്ഷണ നിയമം ലംഘിച്ചിട്ടുണ്ടോ എന്ന് നോക്കേണ്ടത് ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന

തീയതിക്ക് ഈ സ്ഥലം നിലം തന്നെ ആയിരുന്നോ എന്നതിന്റെ അടിസ്ഥാനത്തിലാണ്. അടുത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ,വ്യത്യസ്ത വ്യക്തികളിൽ നിന്നുള്ള വസ്തുതാന്വേഷണം, വസ്തുവിന്റെ യഥാർത്ഥ അവസ്ഥ എന്നിവയെപ്പറ്റിയുള്ള പഠനം ഈ വിഷയത്തിലേക്ക് വെളിച്ചം വീശുന്നതും വിഷയത്തിൽ തീരുമാനമെടുക്കാൻ സഹായിക്കുന്നതുമാണ്.

അതുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധികളുടെ വെളിച്ചത്തിൽ എല്ലാ കാര്യങ്ങളും കണക്കിലെടുത്ത് രേഖയിൽ ഭൂമി വയലാണ് എന്ന കാര്യംകൊണ്ടു മാത്രം സ്ഥലം വയൽ തന്നെയാണ് എന്ന് അന്തിമമായി തീരുമാനിക്കാനുള്ള തെളിവായി കണക്കാക്കാതെ ഈ വിഷയത്തിൽ ഒരു പുനർചിന്തനം നടത്തണമെന്ന് പഞ്ചായത്ത് സെക്രട്ടറിയോട് ഞാൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരന്റെ കൈവശമുള്ള എല്ലാ രേഖകളും സമർപ്പിക്കാനും സെക്രട്ടറി ഏതെങ്കിലും ഒരു കമ്മറ്റിയുടെ സഹായത്തോടെ സ്ഥലം സന്ദർശിക്കാനും അതിനുശേഷം ഈ തർക്കവിഷയം ശരിയായ കാഴ്ചപ്പാടിലൂടെ തീരുമാനിക്കാനും നിർദ്ദേശിക്കുന്നു.

ജനവാസത്തിനുവേണ്ടി 5 സെന്റ് ഭൂമി തരം മാറ്റാനുള്ള ഗവൺമെന്റ് ഓർഡർ ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. ഇവിടെ പരിഗണനാ വിഷയം 2008 ലെ ആക്റ്റ് നടപ്പാക്കുന്ന തീയതിക്ക് ഈ സ്ഥലം നിലം ആയിരുന്നോ എന്നതാണ്.

ഹർജിക്കാരന്റെ വിശദീകരണം കേട്ടശേഷം ഈ വിഷയത്തിൽ നീതി നടപ്പാക്കേണ്ടതാണ് എന്ന് നിർദേശിക്കുന്നു. ഈ ഓർഡറിന്റെ കോപ്പി കൈപ്പറ്റി ആറാഴ്ചക്കുള്ളിൽ ഇത് നടപ്പാക്കേണ്ടതാണ് എന്ന് നിർദേശിക്കുന്നു." ഒറിജിനൽ പെറ്റീഷൻ ഇങ്ങനെയാണ് തീർപ്പാക്കിയിരുക്കുന്നത്.

ഓംബുഡ്സ്മാൻ വിധി പുറപ്പെടുവിച്ച് നാളിതുവരെയും ഉത്തരവ് നടപ്പാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സ്കൂൾ കെട്ടിടത്തിന്റെ മൂന്നാം നില അനധികൃതമായി പ്രവർത്തിക്കുന്നത് സംബന്ധിച്ച് കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 28/08/2020 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിനു ശേഷം മാത്രമാണ് പഞ്ചായത്ത് അനധികൃത നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. സ്ഥാപനം UA Register സൂക്ഷിച്ചിട്ടുണ്ടെങ്കിലും അതിൽ അനധികൃത നിർമ്മാണങ്ങളെ കുറിച്ച് യാതൊരു രേഖപ്പെടുത്തലും ഇല്ല. നിലവിൽ പഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങളില്ലെന്നാണ് സെക്ഷൻ അറിയിച്ചത്.

കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊടിയത്തൂർ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി (A3-4023/2020 തീ. 18/01/2021 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അപെക്സ് പബ്ലിക്ക് സ്കൂളിന്റെ CBSE അഫിലിയേഷൻ റദ്ദ് ചെയ്യുന്നതുൾപ്പെടെ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ക്രമവൽക്കരിക്കുന്നതിനുള്ള പ്ലാൻ സമർപ്പിക്കാതെ പഴയ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരമുള്ള നമ്പർ നിലനിർത്തി പഴയ കെട്ടിടമായി പരിഗണിക്കുന്നതിനാണ് കെട്ടിടയുടമ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ നിലവിലുള്ള 4 നില കെട്ടിടത്തിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് രേഖ പ്രകാരം ലഭ്യമല്ല. സ്കൂൾ അധികൃതർ നിയമാനുസൃത പ്ലാൻ സമർപ്പിക്കാത്ത സാഹചര്യത്തിൽ അനധികൃത നിർമ്മാണത്തിനെതിരെ കേരള പഞ്ചായത്ത് രാജ് 235w പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി നിലവിൽ സ്കൂൾ കോമ്പൗണ്ടിലെ മുഴുവൻ കെട്ടിടങ്ങളും അളന്ന് തിട്ടപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ താൽപ്പര്യപ്പെടുന്നുവെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിരുന്നു. എന്നാൽ കെട്ടിടയുടമ പ്രതികരിക്കാത്തതിനെ തുടർന്ന് 13.09.21 ന് A3-4023/2020 നമ്പർ നോട്ടീസ് പ്രകാരം 5 ദിവസത്തിനകം സ്വീകരിച്ച നടപടികൾ രേഖാമൂലം അറിയിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. ആയതിന് കെട്ടിടയുടമ ഈ ഖണ്ഡികയുടെ ആദ്യ ഭാഗത്ത് ചേർത്ത അതേ മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

മേൽ പരാമർശിച്ച 02/02/2023 ലെ SC3 1340/23 നമ്പർ തപാലിന് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കൊടിയത്തൂർ പഞ്ചായത്ത് സെക്രട്ടറി 23.05.2023 ന് 40987/PTAL06/GPO/2023/1340/(1) നമ്പറിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ഉപദേശം തേടിയിട്ടുണ്ട്. ടി കത്ത് പ്രകാരമുള്ള പ്രസക്ത പരാമർശങ്ങൾ (മേൽ ഖണ്ഡികകളിൽ പരാമർശിച്ചത് ഒഴികെ) ചുവടെ ചേർക്കുന്നു.

കൊടിയത്തൂർ പഞ്ചായത്തിൽ നിലവിൽ ഉണ്ടായിരുന്ന 1998 ലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ശ്രീ. എ.കെ അബ്ദുല്ല എന്ന മേൽ അപേക്ഷകൻ 8/597 A, 8/597 B എന്നീ കെട്ടിടങ്ങൾ വിലക്ക് വാങ്ങിയതായും ആയത് ടിയാന്റെ പേരിലേക്ക് ജമമാറ്റം നടത്തിയതായും ബോധ്യപ്പെട്ടിട്ടുണ്ട്. 28/06/2000 ൽ മേൽ രണ്ട് കെട്ടിടങ്ങൾക്കും ഉടമസ്ഥാവകാശ സാക്ഷ്യപത്രം ഈ കാര്യാലയത്തിൽ നിന്ന് നൽകിയതായി അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും മേൽ രണ്ട് കെട്ടിടങ്ങളും 1998ലെ അസസ്മെന്റ് പ്രകാരം അതിന്റെ തരം എന്നിടത്ത് കല്ല്, മരം, ഓട് എന്നിങ്ങനെ രേഖപ്പെടുത്തിയതായി കാണുന്നു എന്നും, എന്നാൽ നിലവിൽ ഈ രണ്ട് കെട്ടിടങ്ങളും സൈറ്റിൽ കാണാൻ സാധ്യമല്ല എന്നും, 2006-07 ന ശേഷം നികുതി അടവാക്കിയിട്ടില്ലെന്നും കൂടാതെ ഇതിന്റെ ഫലമായി 2007-08 മുതൽ നികുതി കുടിശ്ശികയാണ് എന്നും ആയത് അടവാക്കി എടുക്കാൻ പഞ്ചായത്ത് എന്തെങ്കിലും നടപടി എടുത്തതിന്റെ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നു. മേൽ വസ്തുതകൾ പരിഗണിച്ച് PWD AXE യുടെ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട 2008 ന മുൻപ് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകാൻ പരിഗണിക്കാമോ എന്നതിനും തണ്ണീർത്തട നിയമം ടി കെട്ടിടങ്ങൾക്ക് ബാധകമാണോ എന്നതിനും ആയതിൽ ഓംബുഡ്സ്മാന്റെ വിധി എപ്രകാരം നടപ്പിലാക്കണം എന്നത് സംബന്ധിച്ചും സ്പഷ്ടീകരണം ആവശ്യപ്പെട്ടതായി കാണുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലറുകൾ നം.994733/ആർ.എ.1/ 2016/തസ്വഭവ തീയതി 22-12-2016 പ്രകാരം റവന്യൂ രേഖയിൽ ബി.റ്റി.ആർ ൽ നിലം, നെൽവയൽ, തണ്ണീർത്തടം എന്ന് രേഖപ്പെടുത്തുകയും എന്നാൽ 12-08-2008 ന് മുമ്പ് (തണ്ണീർത്തട നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നികത്തുകയോ നികത്തപ്പെടുകയോ ചെയ്യപ്പെട്ടതും ഡാറ്റാ ബാങ്കിലോ കരട് ഡാറ്റാ ബാങ്കിലോ ഉൾപ്പെടാതിരിക്കുകയും ചെയ്ത ഭൂമിയിൽ നിർമ്മാണാനുമതി/പെർമിറ്റ്/എൻ. ഒക്യൂപെൻസി നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, അഗ്രികൾച്ചറൽ ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർ അടങ്ങുന്ന ടീം സന്ദർശനം നടത്തി, മേൽ ഭൂമി 12-08-2008 ന് മുമ്പ് നികത്തപ്പെട്ടതാണെന്ന് ഉറപ്പുവരുത്തി ശുപാർശ ചെയ്യാവുന്നതാണ്. ഇത്തരം സ്ഥലങ്ങൾ അല്ലെങ്കിൽ ഇതേ സ്വഭാവത്തോടുകൂടിയ ഇതേ സർവ്വേ നമ്പർ ഉള്ള സ്ഥലത്ത്, മുമ്പ് നിയമാനുസൃത കെട്ടിട നമ്പറോട് കൂടിയ കെട്ടിടങ്ങൾ ഉണ്ടായിരുന്ന സ്ഥലത്ത് പുതിയ കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകാവുന്നതാണ്. മുമ്പ് നിയമാനുസൃത നമ്പറോട്ടു കൂടിയ കെട്ടിടങ്ങൾ ഉണ്ടായിരുന്നതും പിന്നീട് പൊളിച്ചു കളയുകയും ചെയ്ത ഇത്തരം സ്വഭാവത്തോടുകൂടിയ സ്ഥലത്ത് വീണ്ടും കെട്ടിട നിർമ്മാണാനുമതി നൽകാവുന്നതാണ്. ആയത് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1), പട്ടിക 3, 235എ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മാണം നിയന്ത്രിക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. വകുപ്പ് 162 (എ) (ii) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയാണ് കെട്ടിട നിർമ്മാണ നിയന്ത്രണ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. മേൽ പരാമർശിച്ച കെട്ടിടങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് കൈക്കൊണ്ട നടപടിക്രമങ്ങളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. കെട്ടിടം ക്രമവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട ഓംബുഡ്സ്മാൻ 15/11/2012ൽ Op No 1615/2012 ലെ അന്തിമ വിധി നടപ്പാക്കേണ്ടതാണ്.

4. 2007-08 മുതലുള്ള വസ്തുനികുതി കുടിശ്ശികയുള്ളത് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം സെക്രട്ടറിയ്ക്ക് ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ, കൈവശക്കാരനോടോ, ഹോട്ടൽ, ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിലോ മുറിയിലോ താമസിക്കുന്നവരെ കുറിച്ചും അവരുടെ തൊഴിലിനേയോ ഉദ്യോഗത്തേയോ കലയെയോ സംബന്ധിച്ചും വാടകയെക്കുറിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. ടി വകുപ്പ് പ്രകാരമുള്ള അധികാരമുപയോഗിച്ച് ടി ലിസ്റ്റിന്റെ കൃത്യത സെക്രട്ടറി പരിശോധിച്ച് യഥാർഥത്തിൽ ഈടാക്കേണ്ട തൊഴിൽ നികുതിയാണ് ഈടാക്കുന്നതെന്നുറപ്പ് വരുത്തേണ്ടതാണ്.

## 1-12 ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യത ഉണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2022-23 ൽ ആകെ 390 എഫ് ടി ഇ എ & ഒ എസ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർക്കുന്നതായി കാണാം, ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗം | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഉപയോഗിക്കുന്ന വ്യക്തിയ സ്ഥാപനം |
|---|---|---|---|
| 1/113, 1/114 | അബ്ദുൾ റസാഖ് | വാണിജ്യാവശ്യം | ഫൈസൽ അക്ഷയ |
| 1/124 A, B | എം.എ. അബ്ദുറഹിമാൻ | വാണിജ്യാവശ്യം | HST ഇലക്ട്രോണിക്സ് റിപ്പയറിംഗ് ഷോപ്പ് |
| 1/128 | കെ.ടി. മൊയ്തീൻ | വാണിജ്യാവശ്യം | മുഹമ്മദ്, മോളി |

| | | | |
|---|---|---|---|
| | | | ഫ്ലോർമിൽ |
| 2/170 A | അബ്ദുറഹിമാൻ | വാണിജ്യാവശ്യം | സലാം സ്റ്റോർ, സ്റ്റേഷനറി |
| 3/69 C | ഹാജറ | വാണിജ്യാവശ്യം | ലിജാസ് പാറപ്പുറം, |
| 4/245 To 249 | ഉമ്മു സൽമ | വാണിജ്യാവശ്യം | ഷിഹാബ് മാട്ടുമുറി |
| 5/359, 5/360 | ജോൺ അബ്രഹാം | വാണിജ്യാവശ്യം | ജോർജ്ജ് എ.കെ. പുത്തൻപുരക്കൽ |

2022-23 വർഷത്തിൽ മേൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

വിവരാവകാശ നിയമ പ്രകാരം ലഭിച്ച പരാതിക്ക് നൽകിയ മറുപടിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഉദാ : 1) 27/06/2022 ലെ എസ്.സി3-654/22 നമ്പർ മറുപടിയിൽ കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് 12-ാം വാർഡ് ചെറുവാടി അങ്ങാടിയിൽ നാലും കൂടിയ ജങ്ഷന് കിഴക്ക് ഭാഗത്തായി പ്രവർത്തിക്കുന്ന സിമന്റ് ബ്രിക്സ് സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. വിവരാവകാശ നിയമ പ്രകാരം ലഭിച്ച പരാതിക്ക് മറുപടി നൽകിയതല്ലാതെ സ്ഥാപനത്തിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

വാർഡ് ക്ലാർക്കുമാർ കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താനും ഈ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കാനും നടപടി സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 18/2022-23 തിയതി. 25.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് തലത്തിൽ പരിശോധന നടത്തി ലൈസൻസ് ഫീസ് അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപങ്ങളിൽ നിന്നും ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും ഫീസ് ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 പഞ്ചായത്തിന്റെ അധീനതയിലുള്ള മത്സ്യ മാർക്കറ്റ് ലേലം ചെയ്ത് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് (സെക്ഷൻ 221 മുതൽ 224 വരെ) - പൊതുമാർക്കറ്റുകളും സ്വകാര്യമാർക്കറ്റുകളും, 1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടെയും സ്വകാര്യമാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് പൊതുമാർക്കറ്റുകളും സ്വകാര്യമാർക്കറ്റുകളും പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു.

കൊടിയത്തൂർ പഞ്ചായത്തിലെ മത്സ്യമാർക്കറ്റ് 2017-18 മുതൽ പൊതുമാർക്കറ്റിന് വേണ്ടി ലേലം ചെയ്തു നൽകിയിട്ടില്ല. 21/03/2017 ന് മത്സ്യ മാർക്കറ്റ് ലേലം കൊണ്ട ഷാഹിൻ കെ.കെ എന്നവർ അടിസ്ഥാന സൗകര്യം ഏർപ്പെടുത്താത്തതിനാൽ ലേലത്തിൽ നിന്ന് ഒഴിവാക്കി തരണമെന്ന് കാണിച്ച് പഞ്ചായത്തിന് കത്ത് നല്കിയിട്ടുണ്ട്. 29/04/2017 ന് പുനർലേലം നടത്തിയെങ്കിലും അടിസ്ഥാന സൗകര്യം ഏർപ്പെടുത്താത്തതിനാൽ ആരും ലേലത്തിൽ പങ്കെടുത്തില്ല, 17/01/2023 ലെ ഭരണസമിതി യോഗത്തിലെ 06/01 നമ്പർ തീരുമാന പ്രകാരം ലേലം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്, എന്നാൽ നാളിതുവരെയും ലേലം ചെയ്ത് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇത് മൂലം പഞ്ചായത്തിന് ലഭ്യമാകേണ്ട ലേലം, ലൈസൻസ് എന്നിവയിൽ നിന്നുള്ള വരുമാനം നഷ്ടപ്പെടുന്നു.

2017-18 മുതൽ നാളിതുവരെ മത്സ്യമാർക്കറ്റിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തി ലേലം ചെയ്ത് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം. 14/2022-23 തിയതി. 25.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിര പ്രാധാന്യത്തോടെ മത്സ്യമാർക്കറ്റിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തി ലേലം ചെയ്ത് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 തെരഞ്ഞെടുപ്പ് നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല .

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 144 ഉപവകുപ്പ് 1 പ്രകാരം 53-ാം വകുപ്പിന് കീഴിൽ നടത്തിയ നിക്ഷേപം ഈ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി അത് നടത്തിയ ആളിനോ അല്ലെങ്കിൽ അയാളുടെ നിയമപരമായ പ്രതിനിധിക്കോ തിരിച്ച് നൽകുകയോ അല്ലെങ്കിൽ പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടുകയോ ചെയ്യേണ്ടതാണ്. സെക്ഷൻ 144 ഉപവകുപ്പ് 2 പ്രകാരം തെരഞ്ഞെടുപ്പ ഫലം പ്രഖ്യാപിച്ചതിനുശേഷം മൂന്നുമാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതാണ്. സെക്ഷൻ 144 ഉപവകുപ്പ് 4(3) പ്രകാരം സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെടാതിരിക്കുകയും, സാധുവായ വോട്ടുകളുടെ ആകെ എണ്ണത്തിന്റെ 1/6 കവിയാതിരിക്കുകയുമാണെങ്കിൽ നിക്ഷേപം കണ്ടുകെട്ടുന്നതാണ്.

നിക്ഷേപ രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2020 ഡിസംബർ മാസം നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി 87 സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പ് നിക്ഷേപമായി 84,000/- രൂപ കെട്ടിവച്ചിട്ടുണ്ട്. ഈ തുക തിരിച്ച് കിട്ടുന്നതിനായി സ്ഥാനാർത്ഥികൾ ആരും തന്നെ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല.

സെക്ഷൻ 144 ഉപവകുപ്പ് 2 പ്രകാരം തെരഞ്ഞെടുപ്പ ഫലം പ്രഖ്യാപിച്ചതിനുശേഷം മൂന്നുമാസത്തിനകം നിക്ഷേപം തിരികെ ലഭിക്കാൻ സ്ഥാനാർത്ഥികൾ അപേക്ഷ സമർപ്പിക്കാതിരിക്കുകയും, സെക്ഷൻ 144 ഉപവകുപ്പ് 4(3) പ്രകാരം സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെടാതിരിക്കുകയും, സാധുവായ വോട്ടുകളുടെ ആകെ എണ്ണത്തിന്റെ 1/6 കവിയാതിരിക്കുകയുമാണെങ്കിൽ നിക്ഷേപം കണ്ടുകെട്ടേണ്ടതാണ്. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 84,000/- രൂപ തെരഞ്ഞെടുപ്പ് നിക്ഷേപം അവശേഷിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടില്ല,

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട കൊണ്ട് നൽകിയ

ഓഡിറ്റ്എൻക്വയറിക്ക് (നം. 15/2022-23 തിയതി. 25.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തെരഞ്ഞെടുപ്പ് നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല.

2022-23 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2 ജീവനക്കാർ ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിച്ച തുക തിരികെ അടവാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അഡ്വാൻസ് അനുവദിച്ച തിയതി | ജീവനക്കാരന്റെ പേര് | തസ്തിക | തിരിച്ച് അടക്കാനുള്ള തുക |
|---|---|---|---|
| 03/09/2011 | ഷൈനി. പി | ക്ലർക്ക് | 6800 |
| 05/09/2022 | ജനീഷ് ജെ. | സീനിയർ ക്ലർക്ക് | 4000 |
| ആകെ | | | 10800 |

ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരിച്ചടയ്ക്കാത്ത ജീവനക്കാരിൽ നിന്ന് അഡ്വാൻസ് തുക തിരികെ ഈടാക്കാൻ പഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം. 16/2022-23 തിയതി. 25.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാർക്ക് അഡ്വാൻസ് അനുവദിച്ച തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നില്ല.

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട വ്യക്തിയുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടാതെ മാസങ്ങളോളം അക്കൗണ്ടിൽ പണം നിക്ഷേപിക്കപ്പെടുന്നു. വീടുകളിലെത്തി നേരിട്ട് നൽകപ്പെടുന്നവരുടെ പെൻഷൻ മാത്രമാണ് സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നത്. പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അതിനാൽ അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു.

1. വിധവാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പെൻഷൻ അധികം നല്കിയതായി കാണുന്നു.

| പെൻഷൻ ഐഡി | പേര് | മരണം | അധികമായി നൽകിയത് | തുക |
|---|---|---|---|---|
| 110550600800 | സരോജിനി. കൊടക്കാടൻ ഹൗസ്, തോട്ടുമുക്കം, പനംപിലാവ് പി.ഒ. | 20/07/2021 | 23 മാസം (1600*23) | 36,800 |

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം

പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ മരണപ്പെട്ട വ്യക്തിയുടെ കുടുംബാംഗങ്ങൾക്ക് കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല.

13/07/2022 ന് മരണപ്പെട്ട ബീരാൻകുട്ടി കറുത്തേടത്ത് ഹൌസ്, നെല്ലിക്കാപറമ്പ് പി.ഒ. എന്നവരുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സേവന പെൻഷൻ പരിശോധിച്ചതിൽ ക്ഷേമനിധി ബോർഡ് പെൻഷൻ (ID 2220201152) ഗുണഭോക്താവാണെന്ന് ബോധ്യപ്പെട്ടു. മരണം രജിസ്റ്റർ ചെയ്യപ്പെട്ട വ്യക്തിയുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന വ്യക്തികളുടെ വിവരങ്ങൾ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ബന്ധപ്പെട്ട വകുപ്പുകളെയും യഥാസമയങ്ങളിൽ അറിയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

അധികമായി നൽകിയ പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കുന്നതാണ്. അനർഹരായവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും അധികമായി നൽകിയ തുക തിരിച്ചടച്ച് അറിയിക്കേണ്ടതുമാണ്.

1-17 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 118/23 |
| പ്രോജക്ടിന്റെ പേര് | പ്രത്യക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 2500000 (1250000 വികസനഫണ്ട് ജനറൽ+ 1250000മറ്റുള്ളവ ) |
| ചെലവ് | 250000(വികസന ഫണ്ട് ജനറൽ) |
| ബിൽ നം/തീയതി | 3/22-3-23 – 937500<br>4/22-3-23 - 312500 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 4-6 മാസം വരെ പ്രായമുള്ള 100 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 32 മാസം വരെ ശാസ്ത്രീയ തീറ്റ നൽകി വളർത്തി ആരോഗ്യമുള്ള കാലി സമ്പത്ത് വളർത്തുക എന്നതാണ് ലക്ഷ്യം. പ്രസ്തുത ലക്ഷ്യം മുൻനിർത്തി പ്രൊജക്ട് പ്രകാരം 100 കന്നുകുട്ടികളുടെ പരിപാലനത്തിനായി പഞ്ചായത്ത്

വിഹിതവും സംസ്ഥാന വിഹിതവുമുൾപ്പെടെയുള്ള വികസന ഫണ്ടിൽ നിന്നും 1250,000/- രൂപ മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. ഗോതമ്പ് റോഡ് ക്ഷീരസഹകരണ സംഘം സൂക്ഷിച്ച തീറ്റ വിതരണം സംബന്ധിച്ച പെർമിറ്റ് രജിസ്റ്റർ പ്രകാരം 4/2023 മുതൽ 8/2023 വരെ കന്നുകുട്ടികൾക്ക് തീറ്റ വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളിൽ സൗദാബി, പരപ്പിൽ, ചിന്നമ്മ മാത്യു, തറപ്പുതൊട്ടിയിൽ എന്നിവരുടെ പശുക്കുട്ടികൾ മരിച്ചു പോയതിനാൽ അവർ യഥാക്രമം 6/2023, 7/2023 എന്നീ മാസങ്ങൾ വരെ കാലിത്തീറ്റ വാങ്ങിയതിനു ശേഷം പദ്ധതിയിൽ നിന്നും പിൻവാങ്ങിയതായി കണ്ടു. ഗീത വെള്ളങ്ങോട്ട് എന്ന ഗുണഭോക്താവ് 7/2023 വരെ കാലിത്തീറ്റ വാങ്ങിയ ശേഷം പശുക്കുട്ടിയെ വിറ്റതിനാലും പദ്ധതിയിൽ നിന്നും പിൻവാങ്ങിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ 3 ഗുണഭോക്താക്കളുടെയും കന്നുകുട്ടിക്കുവേണ്ടി അടവാക്കിയ തുകയും പദ്ധതി പൂർത്തീകരിക്കുന്ന കാലയളവിനുള്ളിൽ ഏതെങ്കിലും ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻവാങ്ങുകയാണെങ്കിൽ അവരുടെ വിഹിതവും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതും മുഴുവൻ തുകയുടേയും വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ -മുഴുവൻ മരുന്നും ലഭ്യമായില്ല

പ്രൊജക്ട് നം:- 14/23

അടങ്കൽ :-350000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് :- 350000/ (ബിൽ നം.1/22-23/8-12-22 )

മേൽ ബിൽ പ്രകാരം 350000/ രൂപ ഹോമിയോ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി ഹോമിയോ മെഡിക്കൽ ഓഫീസർ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. 8-12-22 ന് സ്ഥാപനം തുക കൈപ്പറ്റിയതായുള്ള രശീതി ലഭ്യമാക്കിയിട്ടുണ്ട്. ഹോംകോയുമായി വച്ച എഗ്രിമെന്റ് (HCO/SA/518/2023 Dt: 31-1-23) പ്രകാരം തുക കൈപ്പറ്റി 9 മാസത്തിനുള്ളിൽ ഹോംകോ മരുന്ന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് തീയ്യതി വരെ 164878 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. എഗ്രിമെന്റ് പ്രകാരം പറഞ്ഞ സമയപരിധി കഴിഞ്ഞിട്ടും ബാക്കിയുള്ള തുകയ്ക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല.

ബാക്കിയുള്ള 185122 (350000-164878) രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (05/21-9-23) മറുപടി നൽകിയിട്ടില്ല. ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതുവരെ 185122 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 പ്രൊജക്ട് പ്രകാരം തുക കൈമാറി - കെ.എം.എസ്.സി എല്ലിൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം നടപ്പിലാക്കിയ സാന്ത്വനം എന്ന പ്രൊജക്ട് പ്രകാരം ആകെ 15000 (തനത് ഫണ്ട്) രൂപ ചെലവ് ചെയ്തിട്ടുണ്ട്. പ്രൊജക്ട് പ്രകാരം പരിചരണം ലഭിക്കേണ്ട രോഗികൾക്കുള്ള മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കെ.എം.എസ്.സി എല്ലിന് താഴെ കൊടുത്ത പ്രകാരം തുക കൈമാറിയെങ്കിലും മുഴുവൻ ഉപകരണങ്ങളും നാളിതുവരെ ലഭ്യമായില്ല.

| പ്രൊജക്ട് നം/പേര് | കൈമാറിയ | ബിൽ നം | ഓഡിറ്റ് തിയ്യതി വരെ ലഭ്യമായ | ലഭ്യമാകുവാൻ അവശേഷിക്കു |
|---|---|---|---|---|

| | തുക | | ഉപകരണങ്ങളുടെ വില | ന്ന ഉപക രണ ങ്ങളുടെ വില |
|---|---|---|---|---|
| 113/23 ജീവതാളം | 72144 | 260/6-2-23 | 70086 | 2058 |

2058/-രൂപയുടെ ഉപകരണങ്ങൾ കെ.എം.എസ്.സി.എല്ലിൽ നിന്നും ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(9/23-9-23) മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതുവരെ 2058/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-20 ഹരിത കർമ്മ സേനയ്ക്ക് പ്രവർത്തിക്കുന്നതിന് സ്ഥലം ഒരുക്കുന്നതിൽവീഴ്ച- മാലിന്യം കൊണ്ട് പോകുന്നതിന് വൻ തുക ചെലവഴിക്കേണ്ടി വരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ -വി.ഇ.ഒ

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ അടിഞ്ഞുകൂടിയ മാലിന്യം കൊണ്ടു പോകുന്നതിന് നിറവ് വേങ്ങേരിയ്ക്ക് 3 പദ്ധതികളിലായി താഴെ കാണിച്ച പ്രകാരം 866987 രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ

| പദ്ധതി | ചെലവ് തുക | ബിൽ നമ്പർ തിയ്യതി |
|---|---|---|
| 232/23 | 416987 | 303/7.3.23 |
| 56/23 | 250000 | 101/5.9.22,243/25.1.23 |
| 117/23 | 200000 | 242/25.1.23 |
| ആകെ | 866987 | |

ടെണ്ടർ പ്രകാരം ഒരു കിലോ മാലിന്യത്തിന് 4.90 രൂപ കണക്കാക്കി ഗ്രാമ പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലായി ഹരിത കർമ്മസേന വഴി ശേഖരിച്ച് വച്ച 176936 കിലോ മാലിന്യം 34 ലോഡുകളിലായി കയറ്റി അയച്ചതിന് നിറവ് സമർപ്പിച്ചിട്ടുള്ള ബില്ലിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1)എം.സി.എഫ് സൗകര്യമൊരുക്കാത്തതിനാൽ മാലിന്യങ്ങൾ വില നൽകി ഒഴിവാക്കിയത് വൻ ബാധ്യത

മാലിന്യ ശേഖരണത്തിന് ഉത്തരവാദപ്പെട്ട ഹരിതകർമ്മ സേനയുടെ സെക്രട്ടറി, പ്രസിഡന്റ് എന്നിവരെ നേരിൽ കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തതിൽ എം.സി.എഫ് സൗകര്യം ഗ്രാമപഞ്ചായത്ത് ഒരുക്കാത്തതിനാൽ മാലിന്യങ്ങൾ വേർതിരിക്കാതെ ഹരിതകർമ്മസേന വീടുകളിൽനിന്നും കടകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ വാർഡിലെ വിവിധ സ്ഥലങ്ങളിൽ വാഹനങ്ങളിൽ എത്തിച്ച് നേരിട്ട് കയറ്റി അയയ്ക്കുകയാണെന്ന് വ്യക്തമായി. നിലവിൽ പ്രതിമാസം 2821 രൂപ വാടക നൽകി പ്രവർത്തിക്കുന്ന താൽക്കാലിക എംസിഎഫ് കേന്ദ്രത്തിൽ മാലിന്യങ്ങൾ വേർതിരിക്കുന്നതിന് സൗകര്യമില്ലാത്തതിനാലും മാലിന്യങ്ങൾ നനയുന്ന സ്ഥിതിയായതിനാലും അവിടെ നിന്ന് വേർതിരിക്കൽ നടത്തുന്നില്ല. വർഷങ്ങളായി സർക്കാരിൽ നിന്നും നിർദ്ദേശമുണ്ടായിട്ടും ആവശ്യത്തിന് ഫണ്ട് ഉണ്ടായിട്ടും എംസിഎഫിന് വേണ്ടി അനുയോജ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിൽ ഗ്രാമപഞ്ചയത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. മാലിന്യങ്ങൾ വേർതിരിച്ച് ഉപയോഗയോഗ്യമായത് വിൽപ്പന നടത്തി വരുമാനം ആർജ്ജിക്കാതെ മുഴവൻ മാലിന്യങ്ങളും വില നൽകി കൈയ്യൊഴിയുന്നത് പഞ്ചായത്തിന് വൻബാധ്യത വരുത്തി വയ്ക്കുന്നുണ്ട്. 16 വാർഡുകൾ ഉള്ളതിൽ 10 വാർഡുകളിൽ മാത്രമാണ് മിനി എം.സി.എഫുകൾ ഉള്ളത്. ആയവ മാലിന്യം ശേഖരിക്കുന്നതിന്

പര്യാപ്തമല്ല എന്ന് ഹരിത കർമ്മസേന അറിയിക്കുകയുണ്ടായി.

2) 34 ലോഡ് മാലിന്യത്തിന്റെ അളവിൽ ആധികാരികതയില്ല

ഓഡിറ്റ് വർഷം കയറ്റി അയച്ച 34 ലോഡുകളുടെ ഭാരപരിശോധന നടത്തിയിരിക്കുന്നത് പന്തീരാങ്കാവിലുള്ള പരദാൻ എന്ന വെയിംഗ് ബ്രിഡ്ജിൽ നിന്നാണ്. കയറ്റി അയക്കുന്ന മാലിന്യങ്ങൾ ഏറ്റവും അടുത്ത വെയിംഗ് ബ്രിഡ്ജിൽ നിന്ന് ഭാരപരിശോധന നടത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. കൂടാതെ ഭാരപരിശോധന നടത്തിയപ്പോൾ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉണ്ടായിട്ടില്ല. ബില്ലിൽ ക്ലയിം ചെയ്ത അളവിൽ മാലിന്യം ഗ്രാമ പഞ്ചായത്തിൽ നിന്നും കയറ്റി അയച്ചതിന് നിറവ് സമർപ്പിച്ച ബിൽ മാത്രമാണ് ഉള്ളത്. എം.സി.എഫിൽ വെയിംഗ് മെഷീൻ ഉണ്ടെങ്കിലും സൗകര്യങ്ങൾ ഇല്ലാത്തതിനാൽ അവിടെ എത്തിച്ച് മാലിന്യങ്ങളുടെ ഭാരപരിശോധന നടത്താൻ സാധിക്കുന്നില്ല. വി.ഇ.ഒ നല്കിയ തുകയ്ക്ക് തുല്യമായ മാലിന്യം കയറ്റി അയച്ചെന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളോ, വർക്കിംഗ് ഗ്രൂപ്പോ, വാർഡ് സഭകളോ മറ്റേതെങ്കിലും സംവിധാനങ്ങളൊ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)ഹരിതകർമ്മസേനയെ ശക്തിപ്പെടുത്തുന്നതിൽ പരാജയം

16 വാർഡുകളിലായി 33 ഹരിതസേനാംഗങ്ങൾ നിലവിൽ ഉണ്ട്. സേനയിലെ സെക്രട്ടറി പ്രസിഡണ്ട് എന്നിവരെ നേരിൽ കണ്ടതിലും രേഖകൾ പരിശോധിച്ചതിലും ഹരിത കർമ്മസേനയുടെ പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. എംസിഎഫ് ഇല്ലാത്തതിനാൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും വേർതിരിക്കുന്നതിനും സാധിക്കുന്നില്ല എന്ന് അറിയിക്കുകയുണ്ടായി. സേനാംഗങ്ങൾ വരുമാനമൊന്നുമില്ലാത്ത അവസ്ഥയിലാണ്. സേനയുടെ അറ്റന്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2023 ആഗസ്റ്റ് മാസത്തിൽ 15 പേർ മാത്രം ഹാജരായതിൽ 58 പ്രവൃത്തി ദിനങ്ങൾ മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഇവരുടെ പ്രവർത്തനം, വരുമാനം, ദൈനംദിന കണക്കുകൾ എന്നിവ സംബന്ധിച്ചും ജോലി സാഹചര്യം, ശേഖരിക്കുന്ന മാലിന്യം കൈകാര്യം ചെയ്യുന്ന രീതി എന്നിവ സംബന്ധിച്ചുമുള്ള വിഷയത്തിൽ ഗ്രാമ പഞ്ചായത്ത് ശ്രദ്ധ ചെലുത്തുന്നില്ല. സേനാംഗങ്ങൾ കൈപ്പറ്റിയ തുക യഥാസമയം ഫണ്ടിൽ ഒടുക്കിയോയെന്നും കണക്കുകളിൽ സുതാര്യതയുണ്ടെയെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. ഹരിത കർമ്മസേനയെ ശാക്തീകരിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. കൃത്യമായ വരുമാനമില്ലാതെ പ്രവർത്തിക്കേണ്ടി വന്ന സാഹചര്യത്തിൽ പ്രചോദനം നഷ്ടപ്പെട്ട അവസ്ഥയിലാണ് സംവിധാനമുള്ളത്.

മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്തമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ റിജക്ടഡ് മാലിന്യം കൈയ്യൊഴിയുന്നതിന് ഗ്രാമപഞ്ചായത്ത് 866987/- രൂപ വിനിയോഗിക്കേണ്ടി വന്നത് ഹരിതകേരള മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ അംഗീകരിക്കാവുന്നതല്ല. മാലിന്യത്തിൽ നിന്നുള്ള വരവിൽ നിന്നു തന്നെയാണ് റിജക്ടഡ് മാലിന്യം കൈയ്യൊഴിയാനുള്ള ചെലവും വഹിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യക്തമാണ്. സർക്കാർ നിർദ്ദേശപ്രകാരം വി ജി എഫ്, വളരെ അപകടകരമായ മാലിന്യങ്ങൾ നീക്കുന്നതിനുള്ള ചെലവ്, പ്രതിമാസ ഫീസ് ഹരിതകർമ്മസേനയ്ക്ക് നല്കാൻ ശേഷിയില്ലാത്ത അതിദരിദ്രർ, അഗതികൾ തുടങ്ങിയവരുടെ വരിസംഖ്യ, വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം എം.സി.എഫിലേക്ക് മാറ്റുന്നതിനുള്ള വാഹന ചെലവ്, എന്നീ ഇനങ്ങളിൽ മാത്രമാണ് ഗ്രാമപഞ്ചായത്തിന് ചെലവ് വരേണ്ടത്. കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ മാർഗ്ഗരേഖകളിൽ പ്രതിപാദിക്കും വിധം ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്താൻ സ്ഥാപനത്തിന് കഴിയാത്തതാണ് ഈ ഇനത്തിൽ വൻ ചെലവിന് കാരണമായത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. റിജക്ടഡ് വെയ്സ്റ്റ് കുറയ്ക്കുന്നതിനും, ഇവ ഒഴിവാക്കാൻ വേണ്ടി വരുന്ന തുക കുറയ്ക്കുന്നതിനും ഭാവിയിൽ ഇല്ലാതാക്കുന്നതിനും എടുത്ത നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 അഗ്രോ ഫാർമസി പ്രാഥമിക വിള ക്ലിനിക്ക് -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ - കൃഷി ഓഫീസർ

പ്രൊജക്റ്റ് നം - 122/23

ചെലവ് തുക - 100000(വികസന ഫണ്ട്)

ബിൽ നമ്പർ - 4403/24.3.23

വിളകളുടെ ആരോഗ്യ സംരക്ഷണത്തിനായി കൃഷിഭവനിൽ ആരംഭിച്ച അഗ്രോക്ലിനിക്കിലേക്ക് എത്തുന്ന കർഷകർക്ക് ജൈവ രാസ കീടനാശിനികൾ സൗജന്യമായി നല്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ക്ലിനിക്കിലേക്ക് ആവശ്യമായ ജൈവ കീടനാശിനികൾ കെയ്ഡ്കോയിൽനിന്ന് വാങ്ങി. 50000 രൂപയുടെ രാസ കീടനാശിനികൾ വാങ്ങുന്നിന് 7.3.22 ന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിൽ 4 സ്ഥാപനങ്ങൾ പങ്കെടുത്തതിൽ കുറവ് തുകകൾ രേഖപ്പെടുത്തിയ ആഗ്രോ ബസാർ എന്ന സ്ഥാപനത്തിൽ നിന്ന് കീടനാശിനികൾ വാങ്ങി പദ്ധതി നടപ്പിലാക്കി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ. (പി)നം 259/2010 ത.സ്വ.ഭ.വ തി 08.11.2010 പ്രകാരം ടെണ്ടർ ക്ഷണിക്കുമ്പോൾ പ്രത്യേകം പ്രസ്താവിച്ചിട്ടില്ലെങ്കിൽ ക്വോട്ട് ചെയ്ത നിരക്കിൽ എല്ലാ നികുതികളും ഉൾപ്പെട്ടിട്ടുള്ളതായി കണക്കാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത ഇനത്തിന് ടെണ്ടറിൽ കാണിച്ച നിരക്കിനോടൊപ്പം നികുതിയും ഈടാക്കിയിട്ടുണ്ട്. കരാറുകാരൻ, ടെണ്ടർ വ്യവസ്ഥകളിൽ പ്രത്യേകമായി പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ക്വോട്ട് ചെയ്യുന്ന തുക നികുതി ഉൾപ്പെടെയുള്ള തുകയായിരിക്കണം. ഇവിടെ അഗ്രോബസാർ 50000 രൂപയുടെ കീടനാശിനികൾ സപ്ലൈ ചെയ്തപ്പോൾ 7630 രൂപ ടെണ്ടറിൽ ക്വോട്ട് ചെയ്ത വിലയ്ക്ക് പുറമെ അധികമായി ബില്ലിൽ നിന്ന് ഈടാക്കിയിട്ടുണ്ട്.

2) പദ്ധതി നടത്തിപ്പിനായി 5 ഇനം മരുന്നുകൾ വാങ്ങുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. കരാർ സ്ഥാപനം ക്വോട്ട് ചെയ്തിട്ടുള്ളതും 5 ഇനം കീടനാശിനികളാണ്. എന്നാൽ ക്ലിനിക്കിൽ സപ്ലൈ ചെയ്തിട്ടുള്ളത് 7 ഇനം കീടനാശിനികളാണ്. ഇതിൽ ടെണ്ടറിൽ ക്വോട്ട് ചെയ്ത 2 ഇനം കീടനാശിനികൾ മാത്രമാണ് ഉള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം ചെലവഴിച്ച തുക ഈടാക്കി ഗവൺമെന്റ് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്. അതുവരെ അധികമായി ചെലവഴിച്ച 7630 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണം- പ്രോജക്റ്റ് നിർവ്വഹണം -അപാകതകൾ

പ്രൊജക്റ്റ് നം:- 209/23

അടങ്കൽ :-290000/-വികസന ഫണ്ട് എസ്.സി.പി

ചെലവ് :- 290000/ (ബിൽ സാങ്ഷൻ നം . 476/31-3-23)

നിർവ്വഹണം:- ഹെഡ്മാസ്റ്റർ

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലെ 5 എൽ.പി/യു.പി സ്കൂളുകളിലെ 1,2 ക്ലാസുകളിൽ പഠിക്കുന്ന 58 എസ്.സി വിദ്യാർത്ഥികൾക്ക് ഒരു യൂണിറ്റിന് 5000 രൂപ നിരക്കിൽ മേശയും കസേരയും ആർട്കോയിൽ നിന്ന് നേരിട്ട് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ.ഉ.(കൈ).നം.115/2022/ത.സ്വ.ഭ.വ തീയ്യതി 28/5/2022 സബ്സിഡി മാർഗ്ഗരേഖ പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകുമ്പോൾ പാലിക്കേണ്ട താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾ പാലിച്ച് കാണുന്നില്ല .

1. ജി.എച്ച്.എസ്.എസ്, ചെറുവാടി സ്കൂളിലെ 5 വിദ്യാർത്ഥികൾ പഠനോപകരണങ്ങൾ കൈപ്പറ്റിയതായി

രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 5 വിദ്യാർത്ഥികളുടെ ലിസ്റ്റ് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

2. 58 വിദ്യാർത്ഥികളും പട്ടികജാതി വികസന വകുപ്പിൽ നിന്നും പ്രസ്തുത ധനസഹായം കൈപ്പറ്റിയിട്ടില്ലെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 58 വിദ്യാർത്ഥികളടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ വച്ച് പാസ്സാക്കിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (13/23-9-23) മറുപടി നൽകിയിട്ടില്ല. രേഖകൾ സഹിതം അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-23 ആശുപത്രിയുടെ ആവർത്തന ചെലവുകൾക്കായി - വികസന ഫണ്ടിൽ നിന്നും തുക വകമാറ്റി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രൊജക്ട് നമ്പർ/ പ്രൊജക്ടിന്റെ പേര് | 112/23 ആശുപത്രിയുടെ വൈദ്യുതി, ടെലഫോൺ, ഗ്യാസ്,ഓഫീസ് സ്റ്റേഷനറി, യു.എച്ച്.ഐ.ഡി കൺസ്യൂമബിൾ ചെലവുകൾ |
| വകയിരുത്തിയ തുക | 137682 (വികസന ഫണ്ട്) |
| ചെലവ് തുക/ഫണ്ടിനം | 136993 (വികസന ഫണ്ട്) |

2022-23 വർഷത്തെ എഫ്.എച്ച്.സിയുടെ വൈദ്യുതി ബിൽ, ടെലഫോൺ ബിൽ, ഗ്യാസ് സിലിണ്ടർ, സ്റ്റേഷനറി തുടങ്ങിയ ചെലവുകൾക്കായി 136993 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

എഫ്.എച്ച്.സിയുടെ ദൈനംദിന ചെലവുകൾക്ക് തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടതിന് പകരമായി വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്ന വികസനഫണ്ട് ചെലവഴിച്ചത് പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ വികസനഫണ്ടുപയോഗിച്ച് ആവർത്തന ചെലവുകൾ നടത്താൻ നിർദ്ദേശിക്കുന്നില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. വികസന ഫണ്ടിൽ നിന്നും ഇപ്രകാരം തുക വക മാറ്റി ചെലവഴിക്കുന്നതിന് പ്രത്യേക സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (8/23-9-23) മറുപടി നൽകിയിട്ടില്ല. എഫ്.എച്ച്.സിയുടെ ദൈനംദിന ചെലവിനത്തിൽ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 136993 രൂപ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-24 വിവിധ പദ്ധതികൾക്ക് മോട്ടോർ വാങ്ങൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികളുടെ മോട്ടോർ സ്ഥാപിച്ചതിന് താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം തുക വകയിരുത്തി പദ്ധതി രൂപീകരിക്കുകയുണ്ടായി. പ്രൊജക്ട് പ്രകാരം റെയ്ഡ്കോയിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി മോട്ടോറുകൾ ഇൻസ്റ്റാൾ ചെയ്യുകയാണ് ചെയ്തത്. പദ്ധതികൾക്ക് വേണ്ടി മോട്ടോറും അനുബന്ധ സാധനങ്ങളും വാങ്ങിയതിന് അവർ സമർപ്പിച്ച കാഷ് ഇൻവോയ്സ് പ്രകാരം തുക നൽകി പദ്ധതി

പൂർത്തീകരിക്കുകയാണ് ചെയ്തത്. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | ചെലവഴിച്ച തുക/ബിൽ സാങ്ഷൻ നം | ചെലവിന്റെ വിശദാംശം |
|---|---|---|---|
| 1 | 235/23 പുറമണ്ണിൽ ചേരാൻകുന്ന് കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ | 446853 (സി.എഫ്.സി ഗ്രാന്റ്) 460/29-3-22 | 15 Dx/6 Raidco 15 HP STD SD OWS പമ്പ് സെറ്റ് 1 – 103309<br>15 HP CUBICAL TYPE CONTROL PANEL BOARD 1 -46610<br>ASTM PIPE 65 MM SCH 80 -24Mtres – 12460.8025 SQ.MM 4 CORE ALUMINIUM ARMOURED CABLE -340 Mtre – 88064<br>75 MM PVC PASTED PIPE -130 Mtres – 22703.20<br>OMAX OIL IMMERSED STARTER – 1 -12390<br>Earthing Materials -1 -12685<br>Pipe Laying Charge – 37760<br>Installation Charge – 56168 |

| | | | |
|---|---|---|---|
| | | | മറ്റ് അനുബന്ധ സാധനങ്ങൾക്കുള്ള ചെലവുകൾ - 134703<br>ആകെ- 446853 |
| 2 | 236/23 ജി.എൽ.പി.എസ്.ചുള്ളിക്കാപറമ്പ് മോട്ടോർ വാങ്ങൽ | 95655 (സി.എഫ്.സി ഗ്രാന്റ്)<br>488/31-3-23, | ER 41 HVR/20 1.5 HP Borewell Pumpset – 1-23089.40<br>40 MM Hd Pipe 10 KG – 12799.70<br>2.5 SQ.MM 3 Core Sub Cable – 120 Mtre-15600<br>50 MM PVC Pipe – 7911<br>Installation Charge – 20650<br>മറ്റ് അനുബന്ധ സാധനങ്ങൾക്കുള്ള ചെലവുകൾ - 15605<br>ആകെ - 95655 |
| | ആകെ | 542508 | |

പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) മോട്ടോർ പൊതുവിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

2) ആധികാരികതയില്ലാത്തതും വിശദവിവരങ്ങൾ ഉൾക്കൊള്ളാത്തതുമായ നിരക്കുകളാണ് റെയ്ഡ്കോ ബില്ലിൽ കാണിച്ചിരിക്കുന്നത്. ക്രമ നം. 1, 2 പ്രോജക്ടുകളുടെ മോട്ടോർ ഇൻസ്റ്റലേഷൻ ചാർജ്ജായി തൊഴിലാളികളുടെ കൂലിയിനത്തിൽ വൻതുകകളാണ് ഈടാക്കിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ പങ്കാളിത്തം കൂടി ഇൻസ്റ്റാൾ ചെയ്യുമ്പോൾ ഉറപ്പാക്കിയിരുന്നെങ്കിൽ ഇപ്രകാരം വൻ തുക ഈയിനത്തിൽ ചെലവാകുമായിരുന്നില്ല. ഇത്തരം പാഴ്ചെലവുകൾക്ക് ഇടയാക്കിയത് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ട് റെയ്ഡ്കോയിൽ നിന്നും മോട്ടോർ വാങ്ങിയതു കൊണ്ടാണ്. മേൽ

പ്രൊജക്ടുകൾ പ്രകാരം സാധനങ്ങൾ വാങ്ങുമ്പോൾ സ.ഉ(പി)നം.259/2010/തസ്വഭവ തീ.08-11-2020 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

3) മേൽ പ്രവൃത്തികൾക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഓരോയിനത്തിനും റെയ്ഡ്കോ ആവശ്യപ്പെട്ട തുക നൽകുക മാത്രമാണ് ചെയ്തത്.

2021-22 വർഷ ഓഡിറ്റ് വേളയിൽ (2023 ഫെബ്രുവരി മാസം) കുടിവെള്ള പദ്ധതികൾക്ക് പ്രൊജക്ട് പ്രകാരം റെയ്ഡ്കോയിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും വൻതുക നൽകി നേരിട്ട് വാങ്ങിയ നടപടിയും, വൻതുക ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ റെയ്ഡ്കോയ്ക്ക് നൽകിയതും തെറ്റായ നടപടിയാണെന്ന് ഓഡിറ്റ് ശ്രദ്ധയിൽ പെടുത്തിയിട്ടും അത് അവഗണിച്ച കൊണ്ടാണ് മാർച്ച് 2023 ൽ വീണ്ടും ടെണ്ടർ കൂടാതെ റെയ്ഡ്കോയിൽനിന്നും മോട്ടോർ വാങ്ങിയിരിക്കുന്നത്.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ (10/23-9-23)ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. റെയ്ഡ്കോയ്ക്ക് അധിക തുക നൽകാൻ ഇടയായിട്ടുണ്ടോയെന്ന് പരിശോധിച്ച് ആയത് തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക പഞ്ചായത്തിന് ലഭിക്കാതെ നിലവിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. എല്ലാ പഞ്ചായത്തുകളും തങ്ങളുടെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരം ഈ ആവശ്യത്തിലേയ്ക്കായി ഇ-ടെണ്ടർ പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ പ്രത്യേക നിർദ്ദേശമുണ്ടായിട്ടും നിലവിലും ആയത് ചെയ്തിട്ടില്ല. ഇ-ടെണ്ടർ ആരംഭിച്ചതു മുതൽ നാളിതുവരെ ഈയിനത്തിൽ ഓരോ വർഷവും ലഭിക്കേണ്ട തുക കണക്കാക്കി ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും ലഭ്യമാക്കാൻ നടപടികളൊന്നും നിലവിലും സ്വീകരിച്ചിട്ടില്ല. നിലവിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്കുമായി ഈ സംവിധാനം ലിങ്ക് ചെയ്യാത്തതിന് വിശദീകരണം നൽകാനും, പഞ്ചായത്തിന്റെ തനതുവരുമാനമായ ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ വരുമാനമായും, "കിട്ടാനുള്ള തുകയായും" വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തതിനും വിശദീകരിക്കാനും ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഈയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച കണക്ക് തയ്യാറാക്കി ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-26 ടേക്ക് എ ബ്രേക്ക് - നിർമ്മാണം അനിശ്ചിതത്വത്തിൽ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു.മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമ കേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ ത.സ്വ.ഭ.വ.യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

മേൽ പദ്ധതിയുടെ ഭാഗമായി കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പദ്ധതി വിശദാംശം പരിശോധിച്ചതിൽ കണ്ട വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ബഹു. ജില്ലാ കളക്ടറുടെ 2.11.2020 ലെ DCKKD/572/2020LT നമ്പർ നടപടിക്രമത്തിലൂടെ കൊടിയത്തൂർ വില്ലേജിലെ പന്നിക്കോട് ദേശത്തിൽ ഉൾപ്പെട്ട 2.2 സെന്റ് (റീസർവ്വേ നമ്പർ വ്യക്തമല്ല) പി.ഡബ്ല്യു.ഡി. റോഡ് പുറമ്പോക്ക് ഭൂമി സ്ഥലമാണ് ഗ്രാമപഞ്ചായത്തിന് താൽക്കാലിക ഉപയോഗത്തിന് അനുമതി നൽകി ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി അനുവദിച്ചത്. 2020-21 വാർഷിക പദ്ധതിയിൽ 15,50740/-രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയെങ്കിലും പ്രസ്തുത സ്ഥലത്ത് നിർമ്മാണം നടത്താൻ സാധിച്ചില്ല. തുടർന്ന് മറ്റൊരു സ്ഥലം 31.1.2022 ലെ DCKKD/1100/2022-L1 നടപടിയിലൂടെ അനുവദിച്ച് കിട്ടി. ആയത് മേൽ ദേശത്തിൽ തന്നെയുള്ള റീസർവ്വേ 128 ൽ പെട്ട 1.6 സെന്റ് സ്ഥലമാണ്. ഇവിടെ നിർമ്മാണം നടത്തുന്നതിന് 2021-22 വർഷത്തിൽ 14,41,837/-രൂപയുടെ പദ്ധതി തയ്യാറാക്കുകയും ടെണ്ടർ നടത്തി 30.3.2022 ന് പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തു.

പ്രവൃത്തി ആരംഭിച്ചെങ്കിലും, പ്രവൃത്തി സ്ഥലത്തിനോട് ചേർന്നുള്ള സ്വകാര്യ വ്യക്തി (ശ്രീമതി. പ്രവിത.പി, കുറ്റിപ്പാലക്കൽ) പ്രസ്തുത സ്ഥലത്ത് നിർമ്മിച്ചിരുന്ന അനധികൃത നിർമ്മാണങ്ങൾ കാരണം പ്രവൃത്തി തുടരാൻ സാധിക്കാതെ വന്നു. പിന്നീട് പഞ്ചായത്ത് നിയമാനുസൃത നടപടികളിലൂടെ ഈ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റി. ഇതിനെതിരെ പ്രസ്തുത വ്യക്തി താമരശ്ശേരി മുൻസിഫ് കോടതിയിൽ നിന്നും തൽസ്ഥിതി നിലനിർത്തുന്നതിനുള്ള ഉത്തരവ് നേടി (ഒ.എസ്.157/22 Dt.28.2.23). തുടർന്ന് ടിയാൻ ഹൈക്കോടതിയിലും ഇതു സംബന്ധിച്ച് കേസ് ഫയൽ ചെയ്തതായി കാണുന്നു(WP(C)9338/2023). മേൽ ഉത്തരവിനെ തുടർന്ന് നിർത്തി വച്ച നിർമ്മാണം നിലവിലും അനിശ്ചിതമായി തുടരുന്നു. മേൽ കേസുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം പഞ്ചായത്തിൽ ലഭ്യമല്ല.

നടപ്പു വർഷത്തിൽ ഈ പദ്ധതി സ്പിൽഓവർ ആയി തുടർന്ന് ആദ്യം നടന്ന ഫൗണ്ടേഷൻ പ്രവൃത്തിയുടെ മൂല്യം കണക്കാക്കി 60,424/-രൂപ ചെലവഴിച്ചിട്ടുണ്ട്. തുടർ പ്രവൃത്തികളൊന്നും പിന്നീട് നടന്നിട്ടില്ല. പ്രവൃത്തി പുന:രാരംഭിക്കുന്നതിന് മേൽ വ്യക്തിയുമായി സമവായ ചർച്ചകൾ നടക്കുന്നുണ്ടെന്ന് പഞ്ചായത്തിൽ നിന്നും അറിയിച്ചതല്ലാതെ നടപടി വിവരങ്ങൾ ലഭിച്ചില്ല.

സർക്കാർ നിർദ്ദേശ പ്രകാരമുള്ള സേവനം ജനങ്ങൾക്ക് ഉറപ്പുവരുത്തുന്ന വിധത്തിൽ ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടലുകളുണ്ടാകേണ്ടതും, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിലുണ്ടായ പുരോഗതി

അറിയിക്കേണ്ടതാണ്.

## 1-27 തോട്ടുമുക്കം ജി.യു.പി.എസ്. - കെട്ടിടത്തിന്റെ പൊളിച്ചു മാറ്റിയ ഉരുപ്പടികളുടെ സ്ഥിതി വിവരം ലഭ്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 109/23, തോട്ടുമുക്കം ജി.യു.പി.എസിന്റെ നവീകരണം എന്ന പ്രവൃത്തിയിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഡിസ്മാന്റിൽ/ ഡിമോളിഷ് ചെയ്യുന്ന ഇനങ്ങൾ ഉണ്ടായിരുന്നു. അളവു പുസ്തകം 274/20-21 ൽ ഓട് മേൽക്കൂര, ഫാൾസ് സീലിംഗ്, ഷീറ്റ് മേൽക്കൂര എന്നിവ പൊളിച്ചു മാറ്റിയതിന്റെ രേഖപ്പെടുത്തലുകൾ ഉണ്ട്. ഇതു പ്രകാരം പൊളിച്ചു മാറ്റിയ 1320 ഓടുകളുടെയും, 2.453$M^3$ മരത്തിന്റെയും സ്റ്റാക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റിനങ്ങളെല്ലാം "ഹാന്റഡ് ഓവർ ടു പി.ടി.എ" എന്ന സാക്ഷ്യപ്പെടുത്തലാണുള്ളത്. ഭരണസമിതിയുടെ 28.6.2022 ലെ 11/1 നമ്പർ തീരുമാനത്തിൽ പൊളിച്ചു മാറ്റിയതിൽ ജി.ഐ. ഷീറ്റ്, ജി.ഐ. പൈപ്പ്, പി.വി.സി. സീലിംഗ് എന്നിവ പി.ടി.എ. നടത്തുന്ന നിർമ്മാണാവശ്യങ്ങൾക്കായി അവർ ആവശ്യപ്പെടുന്നതനുസരിച്ച് നൽകുവാനും, മരം ലേലം ചെയ്യാൻ ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തിതായും കാണുന്നു. എന്നാൽ ഈ സാമഗ്രികളിൽ എത്ര അളവിൽ പി.ടി.എ. ഉപയോഗപ്പെടുത്തി എന്നതു സംബന്ധിച്ച വിവരമോ, മരം ലേലം നടത്തിയതിന്റെ വിവരമോ ലഭ്യമല്ല. കൂടാതെ പൊളിച്ചെടുത്തതിൽ സ്റ്റാക്ക് ചെയ്തിരുന്ന മുഴുവൻ ഓടും പുതിയ നിർമ്മാണത്തിൽ പുനരുപയോഗിച്ചോയെന്നും വ്യക്തമല്ല. ഈ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മരം ലേലം നടത്തി തുക പഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരവും മറ്റിനങ്ങളുടെ ഉപയോഗം സംബന്ധിച്ച കൃത്യമായ വിവരവും തയ്യാറാക്കി അറിയിക്കേണ്ടതാണ്.

## 1-28 അനധികൃത നിർമ്മാണം പൊളിച്ചു മാറ്റിയ ചെലവ് ഉടമസ്ഥനിൽ നിന്ന് ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിനായി ബഹു. ജില്ലാ കളക്ടർ താല്ക്കാലികാനുമതി നൽകിയ സ്ഥലത്തിനോട് ചേർന്നുള്ള സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലെ അനധികൃത നിർമ്മാണങ്ങൾ പഞ്ചായത്ത് പൊളിച്ചു മാറ്റിയിട്ടുണ്ട്. പന്നിക്കോട് അങ്ങാടിയിലുള്ള ശ്രീമതി. പ്രവിത.പി.,കുറ്റിപ്പാലക്കൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ഒരു ഭാഗത്ത് പി.ഡബ്ല്യൂ.ഡി. വക സ്ഥലത്തേയ്ക്ക് നീട്ടിയെടുത്ത രീതിയിലുണ്ടായിരുന്ന 2 ഷട്ടറുകൾ, ഇരുമ്പു കൊണ്ടു നിർമ്മിച്ച ഭാഗം, ടൈൽ പതിച്ച മേൽക്കൂര, ഇരുമ്പ് റാമ്പ്, പി.ഡബ്ല്യൂ.ഡി. സ്ഥലത്തേയ്ക്ക് തള്ളി നിൽക്കുന്ന ഒന്നാം നിലയുടെ ട്രസ് റൂഫ് എന്നിവയാണ് ഇപ്രകാരം പൊളിച്ചു മാറ്റിയത്. നിയമാനുസൃത നടപടികൾ സ്വീകരിച്ച ശേഷം 18.12.22നാണ് അനധികൃത നിർമ്മാണം പൊളിച്ചു മാറ്റിയത്. പൊളിച്ചു മാറ്റുന്ന പ്രവൃത്തി നടത്തിയ ഫൈസൽ പി.പി.സന സ്റ്റീൽ ആന്റ് മെറ്റൽ ഇൻഡസ്ട്രീസ് എന്നയാൾക്ക് വൗച്ചർ നമ്പർ 22200706/24.1.23 പ്രകാരം 9750/- രൂപ നൽകിയിട്ടുണ്ട്. പൊളിച്ചെടുത്ത സാധനങ്ങൾ ഗവ: ഹോമിയോ ഡിസ്പെൻസറി കോമ്പൗണ്ടിലുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റിയതായി സെക്രട്ടറി തയ്യാറാക്കിയ "സീൻ മഹസറിൽ" വിവരിച്ചിട്ടുണ്ട്.

മേൽ നടപടികൾക്ക് ശേഷം നിർമ്മാണം പൊളിച്ചു മാറ്റാൻ പഞ്ചായത്തിന് ചെലവായ തുക ഉടമസ്ഥനിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല. ആയത് ഉടമസ്ഥനിൽ നിന്നും ഈടാക്കാൻ സ്വീകരിച്ച നടപടി അറിയിക്കാനും, കൂടാതെ പൊളിച്ചെടുത്ത സാധനങ്ങളുടെ നിലവിലെ സ്ഥിതിയെന്താണെന്നും, ഇവ ലേലം ചെയ്ത് ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതും ചെലവായ തുക ഉടമസ്ഥനിൽ നിന്നും ഈടാക്കാത്ത പക്ഷം സാധനങ്ങൾ ലേലം നടത്തി /റവന്യൂ റിക്കവറിയിലൂടെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-29 അതി ദരിദ്രർക്കു വേണ്ടിയുള്ള അതീജീവന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് സർവ്വേയിലൂടെ ഗുണഭോക്താക്കളെ അതിദരിദ്രർക്ക വേണ്ടിയുള്ള അതിജീവന പദ്ധതിയിൽ 57 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണസമിതിയുടെ 5.1.2022 ലെ (1) നമ്പർ തീരുമാന പ്രകാരം ഈ ഗുണഭോക്താക്കൾക്ക വേണ്ടിയുള്ള മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട ഈ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈ ലിസ്റ്റിൽ ഭൂമിയുള്ള 7 ഭവനരഹിതർ ഉണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളെയെല്ലാം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ആകെ 2 ഗുണഭോക്താക്കൾ മാത്രമാണ് ഭവന നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ആനുകൂല്യം നൽകുന്നതിനായി അർഹത പരിശോധിക്കുന്ന വേളയിൽ പല ഗുണഭോക്താക്കളും ഈ ആനുകൂല്യത്തിന് അനർഹരാണെന്ന് ബോധ്യപ്പെട്ടതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഇത് ലിസ്റ്റ് തയ്യാറാക്കിയതിലെ അപാകതയാണ് സൂചിപ്പിക്കുന്നത്. ചില ഗുണഭോക്താക്കൾ സ്വന്തമായി വീട് നിർമ്മിക്കാൻ സാധിക്കാത്തവരായി ഉണ്ട് അവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. ഭൂരഹിത ഭവനരഹിതനായ ഒരു ഗുണഭോക്താവിന് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. ആനുകൂല്യങ്ങളൊന്നും ലഭിക്കാതെ ഗുണഭോക്താക്കൾ മരണപ്പെടാനിടയായ സാഹചര്യവുമുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-30 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും അയാൾ ആർജ്ജിച്ച വരുമാനത്തിന് അനുസൃതമായി ആദായനികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ .

| ക്രമ നം. | പ്രവൃത്തികളുടെ പേര് | എം. ബുക്ക് നമ്പർ | കരാറുകാരൻ | സാധന സാമഗ്രികൾക്ക് അനുവദിച്ച തുക |
|---|---|---|---|---|
| 1 | തോണിച്ചാലിൽ ഭഗവതിക്കാവിൽ എസ്.ടി നടപ്പാത | 88/21-22 | അബ്ദുൾ ഗഫൂർ | 208321 |
| 2 | എരഞ്ഞിമാവ് കാളാംതോട് റോഡ് | 95/21-22 | കുഞ്ഞിമൊയ്തീൻ | 116105 |
| 3. | വെറങ്ങോട്ടിൽ മൈലാടിൽ മ്മറോഡ് | 04/21-22 | രഘുപ്രസാദ് | 201059 |

ആസ്തി നിർമ്മാണ പ്രവൃത്തികളുടെ ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. എല്ലാ പ്രവൃത്തികളിൽ നിന്നും കരാറുകാരിൽ നിന്ന് ആദായനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടി അനുപൂരക പോഷകാഹാര വിതരണത്തിനായി 20/23, 28/23, 4/23, 200/23 എന്നിങ്ങനെ 4 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ന്യൂട്രിമിക്സ് (ടിഎച്ച് ആർ എസ് ഭക്ഷ്യമിശ്രിതം) വാങ്ങിയിട്ടുള്ളത് ഉണർവ്വ് ഫുഡ് പ്രോഡക്ട്സ് മാവൂർ എന്ന സ്ഥാപനത്തിൽ നിന്നാണ്. ന്യൂട്രിമിക്സ് ഒരു ഉൽപ്പന്നമായാണ് വിതരണം ചെയ്യുന്നത് എന്നതിനാൽ 5% ജി.എസ്.ടി ഉൾപ്പെടെയുള്ള വില അനുവദിയ്ക്കുന്നുണ്ട്. (ഒരു കിലോയ്ക്ക് 70രൂപ+ 5% ജി.എസ്.ടി) എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ ബിൽ തുക അനുവദിക്കുമ്പോൾ ടി സ്ഥാപനത്തിൽ നിന്ന് ജി.എസ്.ടി ടി.ഡി.എസ് ഈടാക്കുന്നില്ല. ഉദാഹരണം ബിൽ നമ്പർ 1/2.5.22 പ്രകാരം ചെലവഴിച്ച 1844585 രൂപയിൽ 548819 രൂപ ടി.എച്ച്.ആർ എസിന്റെ വിലയായി അനുവദിച്ചിട്ടുണ്ട്. എന്നാൽ കരാർ സ്ഥാപനം നികുതി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി അനുവദിക്കുന്ന ബിൽ തുകയിൽ നിന്നും ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-32 ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്കീം രജിസ്റ്റർ പരിശോധിച്ചതിൽ ഫേയ്സ് II ലെയും, III ലെയും ചില ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം ആരംഭിച്ച് 300000 രൂപ വരെ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | അവസാനഗഡു കൈപ്പറ്റിയ തിയ്യതി |
|---|---|---|
| ശ്രീമതി.സ്വപ്ന | 3 | 9.7.20 |
| ശ്രീമതി.വിജയകുമാരി | 5 | 7.9.20 |
| ശ്രീമതി.മിനി | 8 | 9.7.20 |
| ശ്രീമതി.സരോജിനി | 10 | 7.9.20 |
| ശ്രീമതി.കാർത്തി | 11 | 9.7.20 |
| ശ്രീമതി.ബേബി | 14 | 9.7.20 |
| ശ്രീമതി.കല്ല്യാണി | 15 | 9.10.20 |
| ശ്രീമതി.ആശ | 8 | 6.8.21 |
| ശ്രീ.ജയരാജൻ | 5 | 6.8.21 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-33 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വാങ്ങുന്ന ഇനത്തിൽ വൻതുക നഷ്ടം സംഭവിക്കുന്നു.

എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്ത് ടെണ്ടർ നടപടികളിലൂടെ കരാറുകാർ മുഖേന അതിനാവശ്യമായ മെറ്റീരിയൽ വാങ്ങിച്ച് നൽകിയിട്ടുണ്ട്. എല്ലാ കരാറുകാരും എസ്റ്റിമേറ്റ് നിരക്കിലാണ് മെറ്റീരിയലുകൾ വിതരണം ചെയ്തിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ മാത്രം ധാരാളം അംഗീകൃത ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. മരാമത്ത് പ്രവൃത്തിയ്ക്ക് ആവശ്യമായ മെറ്റീരിയൽ ഗ്രാമപഞ്ചായത്തിന് ഈ ക്വാറികളിൽ നിന്ന് നേരിട്ട് വാങ്ങാമെന്നിരിക്കെയാണ് കരാറുകാർ മുഖേനെ ടെൻഡർ നടപടിയിലൂടെ മെറ്റീരിയൽ സംഭരിച്ചത്. പ്രവൃത്തിയ്ക്ക് ആവശ്യമായ ചില മെറ്റീരിയലിന്റെ നിലവിലെ വില അംഗീകൃത ക്വാറിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്ന് (എൻ.ആർ.ഇ.ജി.എസ് എഞ്ചിനീയർ മുഖേന) ആവശ്യപ്പെട്ടതിൽ, താഴെ കൊടുക്കുന്ന നിരക്കാണ് ഓഡിറ്റ് സമയത്ത് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| | ഒരു ഘന അടിക്ക് |
|---|---|
| 1. എം.സാന്റ് | 35 രൂപ |
| 2. 40 എം.എം.മെറ്റൽ | 27 രൂപ |
| 3. 20 എം.എം.മെറ്റൽ | 25 രൂപ |
| 4. 12 എം.എം.മെറ്റൽ | 30 രൂപ |
| 5. 6 എം.എം.മെറ്റൽ | 30 രൂപ |

ഒരു ഘന മീറ്റർ 35.31 ഘന അടിയായി കണക്കാക്കിയാൽ എൻ.ആർ.ഇ.ജി.എസിന്റെ എസ്റ്റിമേറ്റിൽ ഡി.എസ്.ആർ റേറ്റ് പ്രകാരം അനുവദിക്കപ്പെട്ട തുകയും, പ്രാദേശികമായി ലഭ്യമായ മെറ്റീരിയലിന്റെ താരതമ്യം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | മെറ്റീരിയൽ | MNREGS എസ്റ്റിമേറ്റ് നിരക്ക് 1 ഘന മീറ്ററിന് രൂപ | ലോക്കൽ ക്വാറി റേറ്റ് |
|---|---|---|---|
| 1. | എം.സാന്റ് | 2356 രൂപ | 35.31x35 = 1235 രൂപ |
| 2. | 40 എം.എം. മെറ്റൽ | 2034 രൂപ | 35.31x27= 953.33 രൂപ |
| 3. | 20 എം.എം. മെറ്റൽ | 2034 രൂപ | 35.31x25= 882.75 രൂപ |
| 4. | 12 എം.എം. മെറ്റൽ | 2034 രൂപ | 35.31x30 = 1059രൂപ |

| | | | |
|---|---|---|---|
| 5. | 6 എം.എം. മെറ്റൽ | 2034 രൂപ | 35.31x30 = 1059 രൂപ |

പ്രവ്യത്തിയ്ക്ക് വേണ്ട മെറ്റീരിയൽ ക്വാറികളിൽ നിന്ന് ഗ്രാമ പഞ്ചായത്ത് നേരിട്ട് വാങ്ങിയിരുന്നെങ്കിൽ, ഗ്രാമപഞ്ചായത്തിന് ചെലവിൽ നല്ലൊരു തുക ലാഭിക്കാമായിരുന്നു.

എൻ.ആർ.ഇ.ജി.എസ് പ്രവൃത്തിക്ക് ഉള്ള എസ്റ്റിമേറ്റിൽ ഡി.എസ്.ആർ. പ്രകാരമുള്ള മെറ്റീരിയൽ റേറ്റ് ആണ് Secure സോഫ്റ്റ്‌വെയറിൽ ഉള്ളത്. അതാണ് ലോക്കൽ റേറ്റുമായി ഇത്രയധികം വില വ്യത്യാസം ഉണ്ടാകാനിടയായത്. കൂടാതെ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിന് സർക്കാർ പുറപ്പെടുവിച്ച 30.03.2012 ലെ 93/12/തസ്വഭവ ഉത്തരവിൽ കരാറുകാരിൽ നിന്ന് മെറ്റീരിയൽ വാങ്ങാമെന്ന് നിർദ്ദേശിച്ചിട്ടില്ല. കൂടാതെ 29.11.2010 ലെ ഭാരത സർക്കാർ മിനിസ്ട്രി ഓഫ് റൂറൽ ഡവലപ്പ്മെന്റിന്റെ നിർദ്ദേശം ഖണ്ഡിക 2 (B)(IV) ൽ മെറ്റീരിയൽ വില റീസണബിൾ ആണെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്.

ഇവിടെ മേൽ നിർദ്ദേശത്തിന്റ വിരുദ്ധമായി മെറ്റീരിയൽ പഞ്ചായത്ത് പ്രദേശത്തെ ക്രഷറിൽ നിന്ന് വാങ്ങേണ്ടതിന് പകരം, വിതരണത്തിനായി കരാറുകാരെ ഏല്പിച്ച് നൽകി. കൂടാതെ വില ന്യായമാണെന്ന് ഉറപ്പ് വരുത്തിയതുമില്ല. മെറ്റീരിയൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലഭ്യമായിരിക്കെ പർച്ചേസിൽ ഇടനിലക്കാരായി കരാറുകാരെ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതായിരുന്നു. ഇതുമൂലം എൻ.ആർ.ഇ.ജി.എസ് ഫണ്ടിൽ അധിക ചെലവ് ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ പ്രൊക്യൂർമെന്റ് കമ്മറ്റിയോ വേണ്ട ജാഗ്രത പുലർത്തിയില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശം പാലിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-34 വർഷങ്ങൾക്കു മുൻപ് ആർജിച്ച ജിഎംയുപിസ്കൂൾ സമയബന്ധിതമായി തുടർ നടപടികൾ എടുക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് വൻ ബാധ്യതയാകുന്നു.

വൗച്ചർ നമ്പർ 22200975/30.3.2023 പ്രകാരം ശ്രീ.ശ്രീഹരി, ജെ.എസ്.ആർ സൊല്യൂഷൻ എന്ന വക്കീലിന് 5000 രൂപ ജിഎംയുപി സ്കൂളിന് സ്ഥലം അക്വയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വക്കീൽ ഫീസ് അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് 2.8.2008 ലെ 118/08 നമ്പർ തീരുമാന പ്രകാരം 31.15 സെന്റ് സ്ഥലത്ത് ജിഎംയുപി സ്കൂളിന് കളിസ്ഥലം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും 23.11.2009 ൽ സ.ഉ (സാധാ)3121/2009/തസ്വഭവ പ്രകാരം ഗവൺമെന്റ് അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ 23.2.2010 ലെ EO 439 നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം ലാന്റ് അക്വസിഷൻ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും 26.6.2013 ൽ എൽ.എ തഹസിൽദാർ അവാർഡ് പ്രഖ്യാപിക്കുകയും ചെയ്തു. ഇതിനായി അന്ന് എൽ.എ തഹസിൽദാർ ആവശ്യപ്പെട്ടതിനനുസരിച്ച് 3606000 അടവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് കളിസ്ഥലം നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിരുന്നില്ല. തുടർന്ന് സ്ഥലം ഉടമ ശ്രീ. അബ്ദുള്ള ഭൂമിയുടെ വില വർദ്ധിപ്പിച്ചു കിട്ടുന്നതിനായി LAR 174/14 നമ്പർ ഹരജി നൽകുകയും ടിയാന് അനുകൂലമായി കോടതി വിധി ഉണ്ടാകുകയും ചെയ്തു. ആയതിന്മേൽ LAA 289/17 നമ്പരായി കേരള ഹൈക്കോടതിയിൽ അപ്പീൽ നിലനിൽക്കുന്നുണ്ട്. അക്വിസിഷനുമായി ബന്ധപ്പെട്ട് വർദ്ധിപ്പിച്ച തുകയും പലിശയും അടയ്ക്കാൻ ഗ്രാമപഞ്ചായത്ത് ബാധ്യസ്ഥരായിരിക്കെ തുക അടവാക്കിയിരുന്നില്ല. EP497/16 നമ്പരായി വർദ്ധിപ്പിച്ച തുക വസൂൽ ചെയ്ത് കിട്ടുന്നതിന് ശ്രീ. അബ്ദുള്ള സമർപ്പിച്ച ഹർജിയും നിലനിൽക്കുന്നുണ്ട്. ഈ കേസ് പരിഗണിക്കുന്നതിനാണ് മേൽ തുക അനുവദിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന വസ്തുതകളിന്മേൽ വിശദീകരണം ആവശ്യമുള്ളതായി കാണുന്നു.

1. 21.10.22 ഗ്രാമപഞ്ചായത്ത് ജില്ലാ കളക്ടർക്കയച്ച കത്തിൽ അക്വയർ ചെയ്ത സ്ഥലം ജപ്തി നടപടികളിൽ

നിന്ന് ഒഴിവാക്കുന്നതിന് തുക അടവാക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ധനസ്ഥിതി മോശമായതിനാൽ ധനസഹായം അനുവദിച്ച് തരാൻ അപേക്ഷിക്കുന്നുണ്ട്. 29.10.22 ലെ 3/1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ തനത്ഫണ്ടിന്റെ അപര്യാപ്തത പരിഗണിക്കാതെയും പഞ്ചായത്തിന്റെ ഭാഗം കേൾക്കാതെയാണ് വിധികൾ വന്നിട്ടുള്ളത് എന്നുമുള്ള വസ്തുതകൾ കോടതി മുൻപാകെ ബോധിപ്പിക്കുന്നതിനും സബ്കോടതിയിലും ഹൈക്കോടതിയിലും നിലവിലുള്ള കേസിൽ കക്ഷിചേരുന്നതിനും തീരുമാനിക്കുന്നുണ്ട്. ആയതിന്റെ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

2) 29.11.22 ൽ LAKKD/64/22 B2 നമ്പർ കത്ത് പ്രകാരം എൽ. എ സ്പെഷ്യൽ തഹസിൽദാർ 174/14 കേസിലെ വിധിക്കെതിരെ സർക്കാർ സമർപ്പിച്ച 289/17 നമ്പർ അപ്പീലിൽ 26.10.22 ൽ വിധിയായിട്ടുണ്ട് എന്ന് അറിയിക്കുകയും വിധി തുകയുടെ 50% തുക (4217956 രൂപ) അടവാക്കണമെന്ന ഉപാധിയോടെയാണ് 3 മാസത്തേയ്ക്ക് സ്റ്റേ അനുവദിച്ചത് എന്നും അറിയിച്ചിട്ടുണ്ട്. LAA289/17 നമ്പർ അപ്പീൽ പെറ്റീഷന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

3) 5.8.22 ൽ LAKKD/325/22/ D1 നമ്പർ കത്ത് പ്രകാരം എൽ.എ സ്പെഷ്യൽ തഹസിൽദാർ ജി.യു.പി. സ്കൂൾ ഗ്രൗണ്ടിന് വേണ്ടി ഭൂമി ഏറ്റെടുത്ത് ഗ്രാമ പഞ്ചായത്തിന് കൈമാറിയ അക്വിസിഷൻ നടപടിയുടെ ഭാഗമായുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ് 715603 രൂപ അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും (202/23) നടപ്പിലാക്കിയിട്ടില്ല. 2023-24 വർഷത്തിലും പ്രസ്തുത പദ്ധതി തയ്യാറാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

4) ജി.യു.പി. സ്കൂൾ ഗ്രൗണ്ടിന് വേണ്ടി ഏറ്റെടുത്ത ഭൂമി ആസ്തി റജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല.

മേൽ പ്രസ്താവിച്ച കാര്യങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കേസ് നടപടികൾ പൂർത്തിയാക്കി കളിസ്ഥലം നിർമ്മിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് കളിസ്ഥലം നിർമ്മിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ സ്ഥലം വാങ്ങി നൽകിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല

ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് വർഷങ്ങൾക്ക് മുൻപ് ഗ്രാമ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം ലഭ്യമാക്കിയിട്ടും ഭവന നിർമ്മാണം ആരംഭിക്കാത്തതായി ശ്രദ്ധയിൽപെട്ടു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്കീം രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | സ്ഥലം ലഭ്യമാക്കുന്നതിന് ചെലവഴിച്ചതുക | തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| | | | | |
| ശ്രീ. ബിജു പച്ചയിൽ | 5 | 200000 | 11.1.2021 | സ്ഥലം ലഭ്യമാക്കി 3 വർഷമാകാറായിട്ടും വീട് വയ്ക്കാനുള്ള നടപടി ആരംഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| ശ്രീമതി. ലീലാമ്മ ജോണി | 5 | 200000 | 19-5-20 | നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചില്ല. |

ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം ലഭ്യമാക്കിയിട്ടും ഭവനനിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്ന് അവർക്ക് വീട് നിർമ്മാണത്തിന് സ്ഥലം ആവശ്യമില്ലെങ്കിൽ തിരികെ ഈടാക്കി അർഹതപ്പെട്ട മറ്റ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അഗ്രോ ഫാർമസി പ്രാഥമിക വിള ക്ലിനിക്ക് -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ - കൃഷി ഓഫീസർ

പ്രൊജക്ട് നം - 122/23

ചെലവ് തുക - 100000(വികസന ഫണ്ട്)

ബിൽ നമ്പർ - 4403/24.3.23

വിളകളുടെ ആരോഗ്യ സംരക്ഷണത്തിനായി കൃഷിഭവനിൽ ആരംഭിച്ച അഗ്രോ ക്ലിനിക്കിലേക്ക് എത്തുന്ന കർഷകർക്ക് ജൈവ രാസ കീടനാശിനികൾ സൗജന്യമായി നല്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ക്ലിനിക്കിലേക്ക് ആവശ്യമായ ജൈവ കീടനാശിനികൾ കെയ്ഡ്കോയിൽ നിന്ന് വാങ്ങി. 50000 രൂപയുടെ രാസകീടനാശിനികൾ വാങ്ങുന്നിന് 7.3.22 ന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിൽ 4 സ്ഥാപനങ്ങൾ പങ്കെടുത്തതിൽ കുറവ് തുകകൾ രേഖപ്പെടുത്തിയ ആഗ്രോ ബസാർ എന്ന സ്ഥാപനത്തിൽ നിന്ന് കീടനാശിനികൾ വാങ്ങി പദ്ധതി നടപ്പിലാക്കി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ. (പി)നം 259/2010 ത.സ്വ.ഭ.വ തി 08.11.2010 പ്രകാരം ടെണ്ടർ ക്ഷണിക്കുമ്പോൾ പ്രത്യേകം പ്രസ്താവിച്ചിട്ടില്ലെങ്കിൽ ക്വോട്ട് ചെയ്ത നിരക്കിൽ എല്ലാ നികുതികളും ഉൾപ്പെട്ടിട്ടുള്ളതായി കണക്കാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത ഇനത്തിന് ടെണ്ടറിൽ കാണിച്ച നിരക്കിനോടൊപ്പം നികുതിയും ഈടാക്കിയിട്ടുണ്ട്. കരാറുകാരൻ, ടെണ്ടർ വ്യവസ്ഥകളിൽ പ്രത്യേകമായി പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ക്വോട്ട് ചെയ്യുന്ന തുക നികുതി ഉൾപ്പെടെയുള്ള തുകയായിരിക്കണം. ഇവിടെ

അഗ്രോബസാർ 50000 രൂപയുടെ കീടനാശിനികൾ സപ്ലൈ ചെയ്തപ്പോൾ 7630 രൂപ ടെണ്ടറിൽ ക്വോട്ട് ചെയ്ത വിലയ്ക്ക് പുറമെ അധികമായി ബില്ലിൽ നിന്ന് ഈടാക്കിയിട്ടുണ്ട്.

2) പദ്ധതി നടത്തിപ്പിനായി 5 ഇനം മരുന്നുകൾ വാങ്ങുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. കരാർ സ്ഥാപനം ക്വോട്ട് ചെയ്തിട്ടുള്ളതും 5 ഇനം കീടനാശിനികളാണ്. എന്നാൽ ക്ലിനിക്കിൽ സപ്ലൈ ചെയ്തിട്ടുള്ളത് 7 ഇനം കീടനാശിനികളാണ്. ഇതിൽ ടെണ്ടറിൽ ക്വോട്ട് ചെയ്ത 2 ഇനം കീടനാശിനികൾ മാത്രമാണ് ഉള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം ചെലവഴിച്ച തുക ഈടാക്കി ഗവൺമെന്റ് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതുമാണ്. അധികമായി ചെലവഴിച്ച 7630/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|
| 2022-23 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 210000 | നെൽകൃഷി കൂലി ചെലവ് സബ്സിഡി | 210000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1689896 | ലൈഫ് ഭവന നിർമ്മാണം- എസ്.സി | 1689896 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 400000 | —ടി— | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 871500 | ഭിന്നശേഷി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 871500 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 283500 | ടി= | 283500 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 250000 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 250000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000 | മുളപ്പറമ്പ് ആഭാടിക്കുന്ന് റോഡ് | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000 | തോട്ടുമുക്കം സ്കൂട്ടർ വെയിറ്റ് നിർമ്മാണം | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 49997 | കുറ്റിക്കാട്ടുകുന്നത്ത് അങ്കണവാടി നിർമ്മാണം | 49997 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 802302 | കുറ്റിക്കാട്ടുകുന്നത്ത് അങ്കണവാടി നിർമ്മാണം | 802302 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | നെഞ്ചിരിപ്പറമ്പ് പ്രിയദർശിനി റോഡ് | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | ഗോതമ്പ് റോഡ് ബർങ്ങോട്ടിൽ റോഡ് | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 300000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 50000 | - ടി - | 50000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | - ടി - | 200000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ സാങ്ഷൻ നമ്പർ/ ചെക്ക് നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| KSEB | പുറമണ്ണിൽ ചേരാംകുന്ന് കുടിവെള്ള വൈദ്യുതി കേബിൾ സ്ഥാപിക്കൽ | 468/30.03.2023 | 245524 | 245524 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFC | 511/2018/ 02.01.19 | - | 85,20,000 | 23,73,010 | - | 61,46,990 |

## 4-6 സ്ഥിരനിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 0 |
| ആകെ | 500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച നം/ തിയതി | തുക |
|---|---|---|---|
| 1 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ (ഷെയർ) | | 500 |
| ആകെ | | | 500 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 25,450/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 2-8 | 150 | ശ്രീ.ഗോകുൽദാസ്, യു.ഡി.സി | 12201025971/........ |
| 2018-19 | 3-8 | 16,500 | ശ്രീ.അബ്ദുൾഗഫൂർ, കോൺട്രാക്ടർ | 1220102522/04.01.2023 |

| | | | | |
|---|---|---|---|---|
| 2020-21 | 1-17 | 4,500 | ശ്രീ.അബ്ദുൾ മജീദ് കോൺട്രാക്ടർ | 1220103556/13.02.2023 |
| 2020-21 | 1-17 | 4,450 | ശ്രീ.ഇ.കെ.അഹമ്മദ് കുട്ടി കോൺട്രാക്ടർ | 1220103964/23.02.2023 |
| ആകെ | | 25,600/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2001-02 | 11.2 | മണൽ ലേല തുക ഇളവു ചെയ്യൽ | പഞ്ചായത്തിന്റെ തുടർനടപടി റിപ്പോർട്ട് അയയ്ക്കാത്തപക്ഷം പഞ്ചായത്ത് സമിതി അംഗങ്ങളിൽ നിന്നും തുക ഈടാക്കി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചു |
| 2000-01 | 37 | 2003-04 (പൊതു പരാമർശം) | 11.13.5.8 | മൈത്രി ഭവനപദ്ധതി | |

| | | | | | |
|---|---|---|---|---|---|
| 2000-01 | 25, 29 (A) | 2003-04 (പൊതു പരാമർശം) | 11.13.7.12 | നികുതി പിരിവിലെ അലംഭാവം | |
| 2002-03 | 3-8 | 2006-07 (പൊതു പരാമർശം) | 3.79.17.1 | വീട് റിപ്പയർ പ്രവൃത്തി പൂർത്തിയാക്കിയില്ല | |
| 2002-03 | 3-2 | 2006-07 (പൊതു പരാമർശം) | 3.79.19.10 | കരിക്കാട് റോഡ് അധിക നിരക്ക് | |
| 2002-03 | 3-4 | 2006-07 (പൊതു പരാമർശം) | 3.79.19.10 | കുളങ്ങര മുപ്പരിച്ചാൽ റോഡ് | |
| 2002-03 | 3-11 | 2006-07 (പൊതു പരാമർശം) | 3.79.19.10 | എസ്.സി. കോളനി റോഡ് അധിക നിരക്ക് | |
| 2014-15 | 2-1 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42132784 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38283491 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7630 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1437180 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7630 | ശ്രീമതി ഫെബിദ, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1250000 | ശ്രീ. നബീൽ മുഹമ്മദ്. ടി.എ, വെറ്ററിനറി സർജ്ജൻ |
| 1-18 | 185122 | ഡോ. ഗീത, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-19 | 2058 | ഡോ. രേഖ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 1437180 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദി കളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. നബീൽ മുഹമ്മദ്. ടി.എ, വെറ്ററിനറി സർജ്ജൻ | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | മാളിയേക്കൽ, ആരാമ്പ്രം, കൊടുവള്ളി, കോഴിക്കോട് |
| ഡോ. രേഖ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | എൻ.വി.എസ് നിവാസ്, എൻ.ഐ.ടി ക്യാമ്പസ് (പി.ഒ), കോഴിക്കോട് |
| ഡോ. ഗീത, മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | സമൃദ്ധി, പീപ്പിൽസ് റോഡ്, വെസ്റ്റ്ഹിൽ, കോഴിക്കോട് |
| ശ്രീമതി. ഫെബിദ, കൃഷി ഓഫീസർ | കടലുണ്ടി ഗ്രാമപഞ്ചായത്ത് | നെല്ലവീട്ടിൽ തയ്യിൽ, ഫാറൂഖ് കോളേജ് പി.ഒ. രാമനാട്ടുകര, കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകൾ |
|---|---|---|---|
| 1990-91/ | എൽഎഫ്.കെ.കെ.ഡി./പി3/ | 3 | 3 (18, 19,24) |

| | | | |
|---|---|---|---|
| 1991-92 | 1962/2012 (03)/07.02.2013 | | |
| 1998-99 | എൽഎഫ്.കെ.കെ.ഡി./പി3/ 1962/2012 (05)/07.02.2013 | 3 | 27, 28, 29 |
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി./ പി1/1392/2021(1)/28.04.2023 | 14 | 27, 28, 38, 40, 41, 42, 43,45, 46, 47, 48 (എ,ബി), 55, 58,59 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി./ പി1/1392/2021(2)/28.04.2023 | 3 | 25, 29(എ), 37 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020(2)/30.07.2020 | 1 | 2-6 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി./ പി1/1392/2021(4)/28.04.2023 | 1 | 3-8 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി./ പി1/1392/2021(9)/28.04.2023 | 1 | 3-1 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി./ പി1/1392/2021(12)/28.04.2023 | 2 | 3-2(4), 3-4 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./ പി1/1392/2021(14)/ 28.04.2023 | 1 | 2-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./ പി1/1392/2021(15)/ 28.04.2023 | 6 | 2-3, 3-2, 3-3, 3-5, 3-6 (1), 3-12 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./ പി1/1392/2021(16)/ 28.04.2023 | 1 | 3-12 |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി1/ 1392/2021(17)/28.04.2023 | 4 | 2-3, 3-3, 3-13, 3-22 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./ പി1/1392/2021(18)/28.04.2023 | 6 | 1-8, 1-10, 1-18, 1-21, 1-28,1-30 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./ പി1/1259/2021 /06.04.2022 | 23 | 1-1(1)1-2(3), (4), (5), (6), (7), (8), 1-10, 1-13, 1-14, 1-15, 1-17, 1-18, 1-22, 1-23, 1-24, 1-25, 1-26, 1-27,1-28, 1-29, 3-1, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./ പി1/1707/2022 /24.06.2023 | 20 | 1-2-1 (3), (5), (7), 1-9, 1—13, 1-14, 1-15, 1-16 1-17, 1-18, 1-19, 1-20, 1-21, 1-22, 1-24, 1-25, 1-26, 3-1, 4-8, 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി./ പി1/308/2023 /23.06.2023 | 17 | 1-1 ,1-2, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-18, 1-20, 1-21, 1-23, 1-25, 4-8, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 05-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kodiyathur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kodiyathur Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Kodiyathur Grama Panchayat for the Year 2022-2023.**

**1.Major Observations**

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are notsubmitted for audit (eg:- Ratios and Notes)

2.Cash flow statement-Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cashequivalents.

3.Physical verification certificate of closing stock has not been recorded

4.Asset Register is not kept up to date

5.The following registers are not maintained/does not match with AFS

( Investment)

6.E- Tender form Fees not incuded in AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്